# പുതുമുസ്‌ലിമിന്
## ചില ലളിതപാഠങ്ങൾ

ക്രോഡീകരണം
അബ്ദുൽ മുഹ്സിൻ ഐദീദ്

بِسۡمِ ٱللَّهِ ٱلرَّحۡمَٰنِ ٱلرَّحِيمِ

الحَمْدُ لِلَّـهِ وَالصَّلَاةُ وَالسَّلَامُ عَلَى رَسُولِ اللَّـهِ وَعَلَى آلِهِ وَصَحْبِهِ أَجْمَعِينَ، أَمَّا بَعْدُ:

# ആമുഖം

ആദമിന്റെ സന്തതികളെ -മനുഷ്യരെ- അല്ലാഹു ആദരിക്കുകയും, മറ്റനേകം സൃഷ്ടികളേക്കാൾ അവന് ശ്രേഷ്ഠത നൽകുകയും ചെയ്തിരിക്കുന്നു.

അല്ലാഹു പറയുന്നു:

وَلَقَدۡ كَرَّمۡنَا بَنِيٓ ءَادَمَ

"ആദം സന്തതികളെ നാം ആദരിച്ചിരിക്കുന്നു." (ഇസ്റാഅ്: 70)

മനുഷ്യരിൽ തന്നെ ഈ ഉമ്മത്തിന് -നമ്മുടെ സമൂഹത്തിന്- അല്ലാഹു വീണ്ടും ആദരവ് വർദ്ധിപ്പിച്ചിരിക്കുന്നു. അവന്റെ ദൂതരിൽ ഏറ്റവും ശ്രേഷ്ഠനായ മുഹമ്മദ് നബി -ﷺ- യെ അവരിലേക്ക് അവൻ നിയോഗിച്ചിരിക്കുന്നു. അവന്റെ ഗ്രന്ഥങ്ങളിൽ ഏറ്റവും ശ്രേഷ്ഠമായ വിശുദ്ധ ഖുർആൻ അവർക്ക് മേൽ അവൻ അവതരിപ്പിച്ചിരിക്കുന്നു. അവൻ നിശ്ചയിച്ച മതങ്ങളിൽ ഏറ്റവും ശ്രേഷ്ഠമായ മതം -ഇസ്ലാം- അവർക്കവൻ തൃപ്തിപ്പെട്ടു നൽകിയിരിക്കുന്നു.

അല്ലാഹു പറയുന്നു:

كُنتُمۡ خَيۡرَ أُمَّةٍ أُخۡرِجَتۡ لِلنَّاسِ تَأۡمُرُونَ بِٱلۡمَعۡرُوفِ وَتَنۡهَوۡنَ عَنِ ٱلۡمُنكَرِ وَتُؤۡمِنُونَ بِٱللَّهِۗ وَلَوۡ ءَامَنَ أَهۡلُ ٱلۡكِتَٰبِ لَكَانَ خَيۡرٗا لَّهُمۚ

مِّنْهُمُ ٱلْمُؤْمِنُونَ وَأَكْثَرُهُمُ ٱلْفَـٰسِقُونَ ﴿١١٠﴾ لَن يَضُرُّوكُمْ إِلَّآ أَذًى ۖ
وَإِن يُقَـٰتِلُوكُمْ يُوَلُّوكُمُ ٱلْأَدْبَارَ ثُمَّ لَا يُنصَرُونَ ﴿١١١﴾

"മനുഷ്യവംശത്തിനു വേണ്ടി രംഗത്ത് കൊണ്ടുവരപ്പെട്ട ഉത്തമസമുദായമാകുന്നു നിങ്ങൾ. നിങ്ങൾ സദാചാരം കൽപ്പിക്കുകയും, ദുരാചാരത്തിൽ നിന്ന് വിലക്കുകയും, അല്ലാഹുവിൽ വിശ്വസിക്കുകയും ചെയ്യുന്നു.

വേദക്കാർ (യഹൂദ-നസ്വാറാക്കൾ) വിശ്വസിച്ചിരുന്നുവെങ്കിൽ അതവർക്ക് ഉത്തമമായിരുന്നു. അവരുടെ കൂട്ടത്തിൽ വിശ്വാസമുള്ളവരുണ്ട്. എന്നാൽ അവരിൽ അധികപേരും ധിക്കാരികളാകുന്നു." (ആലു ഇംറാൻ: 110)

ഇസ്‌ലാമിലേക്ക് അല്ലാഹു സന്മാർഗം കാണിച്ചു കൊടുക്കുക എന്നതും, ഇസ്‌ലാമിന്റെ മാർഗത്തിൽ ഉറച്ചു നിലകൊള്ളാനും അതിലെ വിധിവിലക്കുകളും നിയമങ്ങളും പ്രാവർത്തികമാക്കാനും കഴിയുക എന്നതും അല്ലാഹു ഒരു മനുഷ്യന് നൽകുന്ന ഏറ്റവും വലിയ അനുഗ്രഹങ്ങളിൽ പെട്ടതാണ്.

നിങ്ങളുടെ കൈകളിലുള്ള ഈ ചെറുഗ്രന്ഥം വളരെ വലിയ ഒരു വിഷയമാണ് ഉൾക്കൊള്ളുന്നത്. ഇസ്‌ലാമിലേക്ക് പുതുതായി കടന്നു വന്ന ഓരോ മുസ്‌ലിം സഹോദരനും അവന്റെ ഇസ്‌ലാം സ്വീകരണത്തിന്റെ ആരംഭത്തിൽ ഒരിക്കലും അജ്ഞനാകാൻ പാടില്ലാത്ത വിഷയങ്ങൾ ചുരുങ്ങിയ രൂപത്തിൽ ഈ ഗ്രന്ഥത്തിൽ വായിക്കാം.

ഇസ്‌ലാമിലെ ഏറ്റവും പ്രധാനപ്പെട്ട പാഠങ്ങൾ ഈ ഗ്രന്ഥം വിശദമാക്കുന്നു. അവ ഗ്രഹിക്കുകയും, പ്രാവർത്തികമാക്കുകയും ചെയ്തു കഴിഞ്ഞാൽ പിന്നീട് ഇസ്‌ലാമിക വിജ്ഞാനം പഠിക്കുന്നതിനും, തന്റെ രക്ഷിതാവായ അല്ലാഹുവിനെ കുറിച്ച് കൂടുതൽ അറിയുന്നതിനും, തന്നിലേക്ക് നിയോഗിക്കപ്പെട്ട ദൂതനായ മുഹമ്മദ് നബി -ﷺ- യെയും, തന്റെ മതമായ ഇസ്‌ലാമിനെയും അറിയുന്നതിനായി അവൻ കൂടുതൽ പരിശ്രമിക്കണം.

അപ്പോഴാണ് വ്യക്തമായ ഉൾക്കാഴ്ച്ചയോടെയും അറിവോടെയും അല്ലാഹുവിനെ ആരാധിക്കാൻ അവന് സാധിക്കുക. അവന്റെ ഹൃദയം ശാന്തമാകാനും, അല്ലാഹുവിലേക്ക് കൂടുതൽ അടുത്തു കൊണ്ട് അവനെ ആരാധിക്കാനും, അവന്റെ ദൂതനെ പിൻപറ്റാനും, അതിലൂടെ അവന്റെ വിശ്വാസം വർദ്ധിക്കാനും അതിലൂടെയാണ് കഴിയുക.

ഈ ഗ്രന്ഥത്തിലെ ഓരോ വാക്കുകളിലും അല്ലാഹു അവന്റെ അനുഗ്രഹം വർഷിക്കട്ടെയെന്ന് ഞാൻ പ്രാർത്ഥിക്കുന്നു. ഇസ്‌ലാമിനും മുസ്‌ലിമീങ്ങൾക്കും ഇത് ഉപകാരപ്രദമായി തീരട്ടെയെന്നും, അല്ലാഹുവിന്റെ പ്രതിഫലം മാത്രം കാംക്ഷിക്കുന്ന ഒരു പ്രവർത്തനമായി അവൻ ഇത് സ്വീകരിക്കട്ടെയെന്നും, അതിന്റെ പ്രതിഫലം ജീവിച്ചിരിക്കുന്നവരും മരണപ്പെട്ടവരുമായ എല്ലാ മുസ്‌ലിമീങ്ങൾക്കും നിശ്ചയിക്കട്ടേയെന്നും ഞാൻ അല്ലാഹുവിനോട് പ്രാർത്ഥിക്കുന്നു.

(പുതുമുസ്‌ലിംകൾ അറിഞ്ഞിരിക്കേണ്ട പാഠങ്ങൾ വിവരിക്കുന്ന, സൗദി ജാലിയാത്തുകളിൽ വിതരണം ചെയ്യപ്പെടുന്ന ഒരു അറബി ഗ്രന്ഥത്തിന്റെ ആശയവിവർത്തനമാണിത്. മലയാളി വായനക്കാരെ പരിഗണിച്ചു കൊണ്ടുള്ള ചില വിവരണങ്ങൾ ചിലയിടങ്ങളിൽ കൂടുതലായി ഉൾപ്പെടുത്തിയിട്ടുണ്ട്. ഗ്രന്ഥരചയിതാവിനും വിവർത്തകനും ഇത് വായിക്കുന്ന എല്ലാ മുസ്‌ലിംകൾക്കും അല്ലാഹു ഏറ്റവും നല്ല പ്രതിഫലം നൽകുമാറാകട്ടെ.)

وَصَلَّى اللَّـهُ وَسَلَّمَ وَبَارَكَ عَلَى نَبِيِّنَا مُحَمَّدٍ، وَعَلَى آلِهِ وَصَحْبِهِ وَسَلَّمَ.

# എന്റെ റബ്ബ് അല്ലാഹുവാകുന്നു

അല്ലാഹു പറയുന്നു:

يَـٰٓأَيُّهَا ٱلنَّاسُ ٱعْبُدُوا۟ رَبَّكُمُ ٱلَّذِى خَلَقَكُمْ
وَٱلَّذِينَ مِن قَبْلِكُمْ لَعَلَّكُمْ تَتَّقُونَ ﴿٢١﴾

"ജനങ്ങളേ, നിങ്ങളേയും നിങ്ങളുടെ മുൻഗാമികളേയും സൃഷ്ടിച്ച നിങ്ങളുടെ രക്ഷിതാവിനെ മാത്രം നിങ്ങൾ ആരാധിക്കുവിൻ. നിങ്ങൾ ദോഷബാധയെ സൂക്ഷിച്ച് ജീവിക്കുവാൻ വേണ്ടിയത്രെ അത്." (ബഖറ: 21)

അല്ലാഹു പറയുന്നു:

هُوَ ٱللَّهُ ٱلَّذِى لَآ إِلَـٰهَ إِلَّا هُوَ

"അവനാകുന്നു അല്ലാഹു; ആരാധനക്കർഹനായി അവനല്ലാതെ മറ്റാരുമില്ല." (ഹശ്ർ: 22)

അല്ലാഹു പറയുന്നു:

لَيْسَ كَمِثْلِهِۦ شَىْءٌ ۖ وَهُوَ ٱلسَّمِيعُ ٱلْبَصِيرُ ﴿١١﴾

"അല്ലാഹുവിനെ പോലെ യാതൊന്നുമില്ല. അവൻ എല്ലാം കേൾക്കുന്നവനും എല്ലാം കാണുന്നവനുമാകുന്നു." (ശൂറാ: 11)

അല്ലാഹുവാകുന്നു എന്റെ രക്ഷിതാവ്. സർവ്വതിന്റെയും രക്ഷിതാവ് അവൻ തന്നെയാകുന്നു. സർവ്വതിനെയും അധീനപ്പെടുത്തിയവനും, എല്ലാത്തിനെയും സൃഷ്ടിച്ചവനും, ഉപജീവനം നൽകുന്നവനും, പ്രപഞ്ചമാകമാനം നിയന്ത്രിക്കുന്നവനും അവൻ മാത്രമാണ്.

• ആരാധനകൾക്കെല്ലാം അർഹതയുള്ളവൻ അല്ലാഹു മാത്രമാകുന്നു. അവന് പുറമെ മറ്റൊരു രക്ഷിതാവില്ല. അവന് പുറമെ ആരാധനക്കർഹനായി മറ്റാരുമില്ല.

• അവന് ഏറ്റവും ഉത്തമമായ നാമങ്ങളും (അസ്മാഉൽ ഹുസ്നാ) അത്യുന്നതമായ വിശേഷണങ്ങളും ഉണ്ട്. അല്ലാഹു അവനുള്ളതായി ഖുർആനിൽ സ്ഥിരപ്പെടുത്തിയതോ, നബി -ﷺ- അല്ലാഹുവിനെ കുറിച്ച് അറിയിച്ചു തന്നിട്ടുള്ളവയോ ആണ് അവയെല്ലാം. ഈ നാമങ്ങളും ഗുണവിശേഷണങ്ങളും എല്ലാ നന്മകളുടെയും അങ്ങേയറ്റം ഉൾക്കൊള്ളുന്നു.

അല്ലാഹുവിന്റെ നാമങ്ങളിൽ (അസ്മാഉൽ ഹുസ്നാ) പെട്ട ചിലത് നോക്കൂ: അർ-റസാഖ്, അർ-റഹ്മാൻ, അൽ-ഖദീർ, അൽ-മലിക്, അസ്സമീഅ്, അസ്സലാം, അൽ-ബസ്വീർ, അൽ-വകീൽ, അൽ-ഖാലിഖ്, അൽ-ലത്വീഫ്, അൽ-കാഫീ, അൽ-ഗഫൂർ. ഈ നാമങ്ങളുടെ വിശദീകരണം ചുരുക്കി പറയാം.

**അർ-റസാഖ്** (الـرَّزَّاقُ): തന്റെ ദാസന്മാരുടെ ഹൃദയങ്ങൾക്കും ശരീരങ്ങൾക്കും നിലനിൽക്കാൻ വേണ്ട ഉപജീവനം (നൽകാനുള്ള ബാധ്യത സ്വയം) ഏറ്റെടുത്തവൻ. ഹൃദയങ്ങൾക്കും ആത്മാവിനും വേണ്ട ഉപജീവനമാണ് ആകാശലോകത്ത് നിന്ന് അല്ലാഹുവിന്റെ ദൂതന്മാർക്ക് അവൻ നൽകിയ സന്ദേശങ്ങൾ (വഹ്‌യ്). ശരീരത്തിന് വേണ്ട ഉപജീവനം ആകാശത്ത് നിന്ന് വർഷിക്കുന്ന മഴയിലൂടെയും, ആ വെള്ളം മുഖേന വളരുന്ന ധാന്യങ്ങളിലൂടെയും സൃഷ്ടികൾക്ക് ലഭിക്കുന്നു.

**അൽ-റഹ്മാൻ** (الرَّحْمَـنُ): സർവ്വതിനെയും വിശാലമായി ചൂഴ്ന്നിരിക്കുന്ന, മഹത്തരമായ കാരുണ്യത്തിന്റെ ഉടമ. അല്ലാഹുവിന്റെ കാരുണ്യത്തിന് അറ്റമോ അവസാനമോ ഇല്ല. പ്രപഞ്ചത്തിലെ സർവ്വ വസ്തുക്കളും അവന്റെ കാരുണ്യത്താൽ വലയം ചെയ്യപ്പെട്ടിരിക്കുന്നു. മാതാവിന് തന്റെ കുഞ്ഞിനോടുള്ളതിനേക്കാൾ തന്റെ അടിമകളോട് അങ്ങേയറ്റം കരുണയുള്ളവനാണ് അല്ലാഹു.

**അൽ-ഖദീർ** (القَدِيـرُ): പരിപൂർണ്ണ ശക്തിയുള്ളവൻ. അവന് ഒരിക്കലും അശക്തിയോ തളർച്ചയോ ബാധിക്കുകയില്ല. ഏഴ് ആകാശങ്ങളെയും ഭൂമിയെയും അതിലുള്ള സർവ്വതിനെയും തന്റെ ശക്തിയാൽ അവൻ സൃഷ്ടിച്ചിരിക്കുന്നു. അവന് അസാധ്യമായ ഒരു കാര്യവുമില്ല; അവൻ എല്ലാ കാര്യത്തി

നും കഴിവുള്ളവനാകുന്നു.

**അൽ-മലിക്** (المَلِكُ): മഹത്വത്തിന്റെയും അധീശത്വത്തിന്റെയും നിയന്ത്രണത്തിന്റെയും വിശേഷണങ്ങളുള്ളവൻ. സർവ്വതിനെയും ഉടമപ്പെടുത്തുന്നവനും, അവയെ നിയന്ത്രിക്കുന്നവനും അല്ലാഹു മാത്രമാണ്. അല്ലാഹുവിന്റെ ഉടമസ്ഥതയിൽ പെടാത്ത ഒരു വസ്തുവും ഈ ലോകപ്രപഞ്ചത്തിലില്ല. അവൻ ഉദ്ദേശിക്കുന്നത് മാത്രമേ നിലനിൽക്കൂ; അവന്റെ വിധിനിർണ്ണയത്തിന് അപ്പുറം ഒരു ഇല പോലും അനങ്ങുകയില്ല. അവന്റെ കൽപ്പനകൾ അനുസരിക്കാൻ ബാധ്യതപ്പെട്ട ദാസന്മാർ മാത്രമാണ് സൃഷ്ടികൾ.

**അസ്സമീഅ്** (السَّمِيعُ): എല്ലാ ശബ്ദങ്ങളും -രഹസ്യമാക്കിയതും പരസ്യമാക്കിയതുമെല്ലാം- കേൾക്കുന്നവൻ. നിന്റെ ശബ്ദം നീ താഴ്ത്തിയാലും ഉയർത്തിയാലും അല്ലാഹുവിന് അവ സമമാകുന്നു. നീ സംസാരിക്കുമ്പോൾ അവയെല്ലാം അല്ലാഹു കേൾക്കുന്നുണ്ട് എന്ന തിരിച്ചറിവ് നിനക്കുണ്ടാകട്ടെ.

**അസ്സലാം** (السَّلَامُ): എല്ലാ ന്യൂനതകളിൽ നിന്നും കുറവുകളിൽ നിന്നും കുഴപ്പങ്ങളിൽ നിന്നും പരിശുദ്ധനായവൻ. ന്യൂനതയുടെ ഒരു വിശേഷണവും -ഉറക്കമോ തളർച്ചയോ ക്ഷീണമോ ഒന്നും- അവനെ ബാധിക്കുകയില്ല. അതോടൊപ്പം അവന്റെ നന്മയുടെ വിശേഷണങ്ങളെല്ലാം -അറിവും കാരുണ്യവും ശക്തിയും അധികാരവും മറ്റുമെല്ലാം- ഏറ്റവും പൂർണ്ണതയിൽ അവനുണ്ട് താനും. അവയിൽ വളരെ ചെറിയ ഒരു കുറവോ അപൂർണ്ണതയോ അവനില്ല.

**അൽ-ബസ്വീർ** (البَصِيرُ): എല്ലാ വസ്തുക്കളെയും -അവ എത്ര സൂക്ഷ്മമോ ചെറുതോ ആകട്ടെ; അവയെ എല്ലാം - തന്റെ കാഴ്ച കൊണ്ട് വലയം ചെയ്തവൻ. കാര്യങ്ങളെ കുറിച്ച് ഉൾക്കാഴ്ചയും, സൂക്ഷ്മമായ ജ്ഞാനവും, അവയുടെ ഉള്ളകങ്ങളെ കുറിച്ചുള്ള അറിവും ഉള്ളവൻ. ഇരുട്ടും വെളിച്ചവും, ദൃശ്യവും അദൃശ്യവും അവൻ കാണുന്നു. മനുഷ്യന്റെ കണ്ണിമ വെട്ടുന്നത് പോലും അവൻ അറിയുന്നു; നിന്റെ എല്ലാ പ്രവർത്തനങ്ങളും അവൻ വീക്ഷിച്ചു കൊണ്ടിരിക്കുകയും ചെയ്യുന്നു.

**അൽ-വകീൽ** (الوَكِيلُ): തന്റെ സൃഷ്ടികളുടെ ഉപജീവനം ഏറ്റെടുക്കുകയും, അവർക്ക് പ്രയോജനകരമായത് നിലനിർത്തുകയും ചെയ്യുന്നവൻ. തന്റെ ഇഷ്ടദാസന്മാരുടെ രക്ഷാകർതൃത്വം അവൻ ഏറ്റെടുത്തിരിക്കുന്നു. എല്ലാ കാര്യങ്ങളിലും അവർക്ക് അല്ലാഹു മതിയാകുകയും ചെയ്യും.

**അൽ-ഖാലിഖ്** (الخَالِقُ): എല്ലാ വസ്തുക്കളെയും ഒരു മുൻമാതൃകയുമില്ലാതെ സൃഷ്ടിക്കുകയും നിർമ്മിക്കുകയും ചെയ്തവൻ. അവന്റെ സൃഷ്ടിപ്പിൽ പെടാത്ത ഒരു കണിക പോലും ലോകപ്രപഞ്ചത്തിൽ എവിടെയുമില്ല.

**അൽ-ലത്വീഫ്** (اللَّطِيفُ): തന്റെ അടിമകളെ ആദരിക്കുകയും, അവരോട് കരുണ ചെയ്യുകയും, അവർ ചോദിക്കുന്നത് അവർക്ക് നൽകുകയും ചെയ്യുന്നവൻ.

**അൽ-കാഫീ** (الكَافِي): തന്റെ അടിമകൾക്ക് ആവശ്യമായതെല്ലാം മതിവരുവോളം നൽകുന്നവൻ. മറ്റാരുടെയും സഹായമില്ലെങ്കിലും അവന്റെ സഹായം മാത്രം മതി. അവനുണ്ടെങ്കിൽ മറ്റെല്ലാവരിൽ നിന്നും അടിമകൾ ധന്യരാകുന്നു.

**അൽ-ഗഫൂർ** (الغَفُورُ): തന്റെ അടിമകളെ അവർ ചെയ്ത തിന്മകളുടെ ദുഷ്ഫലങ്ങളിൽ നിന്ന് കാത്തുരക്ഷിക്കുന്നവനും, അവരെ അതിന്റെ പേരിൽ ശിക്ഷിക്കാതെ (പൊറുത്തു കൊടുക്കുന്നവനും.) എത്രയെല്ലാം അതിക്രമങ്ങൾ പ്രവർത്തിച്ചവനും അല്ലാഹുവിനോട് ആത്മാർത്ഥമായി പശ്ചാത്തപിച്ചാൽ അവൻ അത് സ്വീകരിക്കും; പശ്ചാത്തപിക്കുന്നവർക്ക് അവൻ പൊറുത്തു കൊടുക്കാത്ത ഒരു തിന്മയുമില്ല.

അല്ലാഹുവിന്റെ സൃഷ്ടിപ്പിലെ അത്ഭുതങ്ങളെ കുറിച്ച് ചിന്തിക്കുകയും, അല്ലാഹു അവയിലെല്ലാം നിശ്ചയിച്ചിട്ടുള്ള എളുപ്പങ്ങളെ കുറിച്ചും ചിന്തിക്കുന്നവനായിരിക്കണം ഒരു മുസ്‌ലിം. അതോടൊപ്പം, അല്ലാഹുവിന്റെ നാമങ്ങളിലൂടെയും വിശേഷണങ്ങളിലൂടെയും അവനെ കുറിച്ച് കൂടുതൽ അറിയാനും മനസ്സിലാക്കാനും അവൻ ശ്രമിച്ചു കൊണ്ടിരിക്കുകയും വേണം.

# എന്റെ നബി മുഹമ്മദ് ﷺ ആകുന്നു

അല്ലാഹു പറയുന്നു:

لَقَدْ جَآءَكُمْ رَسُولٌ مِّنْ أَنفُسِكُمْ عَزِيزٌ عَلَيْهِ مَا عَنِتُّمْ
حَرِيصٌ عَلَيْكُم بِٱلْمُؤْمِنِينَ رَءُوفٌ رَّحِيمٌ ﴿١٢٨﴾

"തീർച്ചയായും നിങ്ങൾക്കിതാ നിങ്ങളിൽ നിന്നു തന്നെയുള്ള ഒരു ദൂതൻ വന്നിരിക്കുന്നു. നിങ്ങൾ കഷ്ടപ്പെടുന്നത് സഹിക്കുവാൻ കഴിയാത്തവനും, നിങ്ങളുടെ കാര്യത്തിൽ അതീവ താൽപര്യമുള്ളവനും, സത്യവിശ്വാസികളോട് അത്യന്തം ദയാലുവും കാരുണ്യവാനുമാണ് അദ്ദേഹം." (തൗബ: 128)

അല്ലാഹു പറയുന്നു:

وَمَآ أَرْسَلْنَٰكَ إِلَّا رَحْمَةً لِّلْعَٰلَمِينَ ﴿١٠٧﴾

"ലോകർക്ക് കാരുണ്യമായിക്കൊണ്ടല്ലാതെ താങ്കളെ നാം അയച്ചിട്ടില്ല." (അൻബിയാഅ്: 107)

**മുഹമ്മദ് നബി -ﷺ-; കാരുണ്യവും സന്മാർഗ്ഗവും**

അബ്ദുല്ലയുടെ മകൻ മുഹമ്മദ് -ﷺ-; അല്ലാഹുവിന്റെ ദൂതന്മാരിൽ -നബിമാരിൽ- അന്തിമനാണ് അവിടുന്ന്. ഇസ്‌ലാം മതത്തിന്റെ സന്ദേശവുമായി അല്ലാഹു അവിടുത്തെ സർവ്വ ജനങ്ങളിലേക്കുമായി -അവരെ നന്മയിലേക്ക് വഴിനയിക്കുന്നതിനായി- നിയോഗിച്ചിരിക്കുന്നു.

അവിടുന്ന് കൽപ്പിച്ച നന്മകളിൽ ഏറ്റവും വലുത് അല്ലാഹു വിനെ മാത്രം ആരാധിക്കുക എന്ന തൗഹീദാകുന്നു. അവിടുന്ന് വിലക്കിയ തിന്മകളിൽ ഏറ്റവും ഗുരുതരമായത് അല്ലാഹുവിൽ പങ്കുചേർക്കുക എന്ന ശിർക്കാകുന്നു.

നബി -ﷺ- അറിയിച്ചുതന്ന കാര്യങ്ങളിലെല്ലാം നബി -ﷺ-

യെ വിശ്വസിക്കുകയും സത്യപ്പെടുത്തുകയും ചെയ്യൽ നിർബന്ധമാണ്. അവിടുന്ന് അറിയിച്ചതാണെന്ന് ഉറപ്പുള്ള ഒരു കാര്യവും -അദൃശ്യകാര്യങ്ങളിൽ പെട്ടതോ, ചരിത്രത്തിൽ സംഭവിച്ചതോ, ഭാവിയിൽ നടക്കുമെന്ന് പറഞ്ഞതോ ആയ എന്തു കാര്യമാണെങ്കിലും- ഒരു മുസ്‌ലിം അവയെ തള്ളിക്കളയാനോ നിഷേധിക്കാനോ, അതിൽ സംശയം പ്രകടിപ്പിക്കാനോ പാടില്ല.

അവിടുന്ന് കൽപ്പിച്ച കാര്യങ്ങൾ -നിന്റെ കഴിവിൽ പെട്ടതാണെങ്കിൽ- നീ പ്രവർത്തിച്ചിരിക്കണം. അവ ഉപേക്ഷിക്കാൻ നിനക്ക് അനുവാദമില്ല. അവിടുന്ന് വിലക്കിയ കാര്യങ്ങളെല്ലാം ഉപേക്ഷിക്കുക എന്നതും നിർബന്ധമാണ്. നബി -ﷺ- യെ ധിക്കരിക്കുന്നത് അല്ലാഹുവിന്റെ പരീക്ഷണങ്ങൾ നിന്നെ ബാധിക്കുന്നതിനാണ് കാരണമാവുക.

അതോടൊപ്പം, അവിടുന്ന് പഠിപ്പിച്ചു തന്ന രൂപത്തിലല്ലാതെ അല്ലാഹുവിനെ ആരാധിക്കാൻ പാടില്ല എന്ന അടിത്തറയും നീ പാലിക്കണം. അല്ലാഹുവിനെ എങ്ങനെ ആരാധിക്കണമെന്നും ഇബാദത്തുകൾ എങ്ങനെ നിർവ്വഹിക്കണമെന്നും നബി -ﷺ- മാതൃക കാണിച്ചിട്ടുണ്ട്; അതിൽ പുതുതായി ഒന്നും കടത്തിക്കൂട്ടുകയോ നിർമ്മിച്ചുണ്ടാക്കുകയോ ചെയ്യരുത്.

## മുഹമ്മദ് നബി -ﷺ- യുടെ ഗുണവിശേഷണങ്ങൾ

സത്യസന്ധതയും, കാരുണ്യവും, സഹനശീലവും, ക്ഷമയും, ധൈര്യവും, ഉദാരതയും, സൽസ്വഭാവവും, നീതിയും, വിനയവും, വിട്ടുവീഴ്ച്ചയുമെല്ലാം അവിടുത്തെ ഗുണങ്ങളിൽ പെട്ടതായിരുന്നു.

നബി -ﷺ- തമാശയായി പോലും കളവ് പറയുമായിരുന്നില്ല. അബ്ദുല്ലാഹി ബ്നു ആമിർ -رضي الله عنه- എന്ന സ്വഹാബി പറയുന്നു: "ഒരു ദിവസം എന്റെ ഉമ്മ എന്നെ വിളിച്ചു കൊണ്ട് പറഞ്ഞു: 'വരൂ! ഞാൻ നിനക്ക് ഒരു കാര്യം നൽകാം." നബി -ﷺ- ഇത് കണ്ടപ്പോൾ ആ ഉമ്മയോട് പറഞ്ഞു: "നീ അവന് എന്തെങ്കിലും നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ?" അവർ പറഞ്ഞു: "അവന് ഒരു ഈത്തപ്പഴം ഞാൻ നൽകും." അപ്പോൾ നബി -ﷺ- പറഞ്ഞു: "നീ അവന് ഒന്നും നൽകുന്നില്ലായിരുന്നു എങ്കിൽ

നിന്റെ മേൽ ഒരു കളവ് രേഖപ്പെടുത്തപ്പെടുമായിരുന്നു." (അബൂദാവൂദ്: 4991)

അതീവ കാരുണ്യമുള്ളവരുമായിരുന്നു നബി -ﷺ-. ഒരിക്കൽ ഗ്രാമീണ അറബികളിൽ പെട്ട ഒരാൾ നബി -ﷺ- യുടെ മസ്ജിദിന്റെ ഒരു മൂലയിൽ മൂത്രമൊഴിച്ചു. സ്വഹാബികളെല്ലാം ശബ്ദമുയർത്തുകയും അയാളെ തടയാൻ ശ്രമിക്കുകയും ചെയ്തപ്പോൾ നബി -ﷺ- പറഞ്ഞു: "അയാളെ വിട്ടേക്കുക. അവനെ നിങ്ങൾ പ്രയാസപ്പെടുത്തരുത്." ശേഷം അവിടുന്ന് ഒരു പാത്രത്തിൽ വെള്ളം കൊണ്ടുവരാൻ പറയുകയും, അത് അവിടെ ഒഴിക്കുകയും ചെയ്തു. ശേഷം സാധാരാണക്കാരനായ ആ മനുഷ്യനെ അടുത്ത് വിളിച്ചു കൊണ്ട്, അയാളെ ഉപദേശിച്ചു കൊണ്ട് നബി -ﷺ- പറഞ്ഞു: "ഈ മസ്ജിദുകൾ നിർമ്മിക്കപ്പെട്ടിരിക്കുന്നത് അല്ലാഹുവിനെ സ്മരിക്കാനും നിസ്കാരത്തിനും ഖുർആൻ പാരായണത്തിനുമെല്ലാമാണ്." (മുസ്‌ലിം: 285) അവിടുന്ന് അയാളെ ശിക്ഷിക്കുകയോ ചീത്ത പറയുകയോ ഉപദ്രവിക്കുകയോ ചെയ്തില്ല.

മഹത്തായ സഹനശീലം നബി -ﷺ- യുടെ മുഖമുദ്രയായിരുന്നു. നബി -ﷺ- യെ പത്തു വർഷം സേവിച്ച അനസ് ബ്നു മാലിക് -رضي الله عنه- പറയുകയുണ്ടായി: "ഞാൻ നബി -ﷺ- യെ പത്തു വർഷം സേവിച്ചിട്ടുണ്ട്. 'ഛെ' എന്ന ഒരു വാക്ക് എന്നോട് അവിടുന്ന് പറഞ്ഞിട്ടില്ല. 'നീ എന്തു കൊണ്ട് അങ്ങനെ ചെയ്തു?' എന്നോ, 'നീ എന്തു കൊണ്ട് അങ്ങനെ ചെയ്തില്ല?' എന്നോ എന്നോട് ഒരിക്കൽ പോലും അവിടുന്ന് പറഞ്ഞിട്ടില്ല. (ബുഖാരി: 6038, മുസ്‌ലിം: 2309)

തനിക്ക് നേരിടേണ്ടി വരുന്ന ആക്ഷേപങ്ങളിൽ അവിടുന്ന് അങ്ങേയറ്റം ക്ഷമിക്കുമായിരുന്നു. ഒരിക്കൽ നബി -ﷺ- കുറച്ച് സമ്പത്ത് ചിലർക്കിടയിൽ വീതംവെച്ചു. അപ്പോൾ അവിടുത്തെ അനുയായികളിൽ ഒരാൾ പറഞ്ഞു: "അല്ലാഹുവിന്റെ പ്രീതി ഉദ്ദേശിച്ചു കൊണ്ട് നടത്തിയ വീതംവെപ്പല്ല ഇത്." ഇക്കാര്യം അറിഞ്ഞപ്പോൾ നബി -ﷺ- ക്ക് കഠിനമായ വേദനയുണ്ടാവുകയും, അവിടുത്തെ മുഖം വിവർണ്ണമാവുകയും ചെയ്തു.

എന്നാൽ അവിടുന്ന് പറഞ്ഞു: "മൂസാ -ﷺ- ഇതിനേക്കാൾ ഉപദ്രവിക്കപ്പെട്ടിട്ടുണ്ട്. പക്ഷേ അദ്ദേഹം ക്ഷമിക്കുകയാണ് ചെയ്തത്." (ബുഖാരി: 6100)

നബി -ﷺ- അതീവധൈര്യവാനായിരുന്നു. ജനങ്ങളിൽ ഏറ്റവും ധൈര്യവാൻ അവിടുന്നായിരുന്നു എന്ന് സ്വഹാബികൾ പറയുമായിരുന്നു. ഒരിക്കൽ മദീനക്കാർ രാത്രിയിൽ ഒരു ഉഗ്ര ശബ്ദം കേട്ടു. അവർ കൂട്ടമായി ശബ്ദം കേട്ടയിടത്തേക്ക് കാര്യമെന്താണെന്ന് അന്വേഷിക്കാനായി പുറപ്പെട്ടു. അപ്പോൾ നബി -ﷺ- അവിടെ നിന്നതാ തിരിച്ചു വരുന്നു. ഒരു അറേബ്യൻ കുതിരയുടെ മുകളിൽ, തന്റെ കഴുത്തി വാളുമേന്തി അവിടുന്ന് കുതിച്ചു വന്നു; അവിടുന്ന് പറയുന്നുണ്ടായിരുന്നു: "നിങ്ങൾ ഭയപ്പെടാനൊന്നുമില്ല." (മുസ്‌ലിം: 2307)

അതീവ ഉദാരശീലനുമായിരുന്നു നബി -ﷺ-. അവിടുത്തോട് ഒരു കാര്യം ചോദിച്ചാൽ 'ഇല്ല' എന്ന് അവിടുന്ന് പറയാറില്ലായിരുന്നു. (ബുഖാരി: 6034, മുസ്‌ലിം: 2311) ഒരിക്കൽ നബി -ﷺ-ക്ക് ഒരു മേൽവസ്ത്രം നൽകപ്പെട്ടു. അവിടുത്തേക്ക് അതിന് ആവശ്യമുള്ള സമയമായിരുന്നു അത്; ചുറ്റുമുള്ളവർ ആ വസ്ത്രം വളരെ ഭംഗിയുണ്ടെന്ന് അഭിപ്രായപ്പെടുകയും ചെയ്തു. എന്നാൽ അവിടെയുണ്ടായിരുന്ന ഒരു സ്വഹാബി അത് 'എനിക്ക് ധരിപ്പിച്ചു തരൂ' എന്ന് നബി -ﷺ- യോട് പറയേണ്ടതാമസം അവിടുന്ന് അത് അദ്ദേഹത്തെ ധരിപ്പിച്ചു. (ബുഖാരി: 6036)

നബി -ﷺ- യുടെ സൽസ്വഭാവവും മാന്യമായ പെരുമാറ്റവും ശത്രുക്കൾ വരെ അംഗീകരിച്ചു നൽകിയിരുന്നു; 'ജനങ്ങളിൽ ഏറ്റവും നല്ല സ്വഭാവമുള്ളവരായിരുന്നു അവിടുന്ന്' എന്ന് ധാരാളം സ്വഹാബികൾ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. അവിടുത്തെ സ്വഭാവത്തെ കുറിച്ച് ചോദിക്കപ്പെട്ടപ്പോൾ നബി -ﷺ- യുടെ രഹസ്യവും പരസ്യവും വീക്ഷിച്ച, അവിടുത്തെ പത്നി ആഇശാ -ﷺ- പറഞ്ഞത് ഇപ്രകാരമാണ്: "ഖുർആനായിരുന്നു നബി -ﷺ- യുടെ സ്വഭാവം." (അഹ്മദ്: 24601)

തന്റെ എല്ലാ നിലപാടുകളിലും നീതിമാനായിരുന്നു അവി

ടുന്ന് -ﷺ-; ഒരിക്കൽ ഖുറൈശീ പ്രമാണികളുടെ കുടുംബത്തിൽ പെട്ട ഒരു സ്ത്രീ മോഷണത്തിന് പിടിക്കപ്പെട്ടു. അവരുടെ കൈ ഛേദിക്കാനുള്ള വിധിയിൽ ഇളവ് നൽകാൻ വേണ്ടി നബി -ﷺ- യുടെ പ്രിയങ്കരനായിരുന്ന ഉസാമഃ ബ്നു സൈദിനെ -ﷺ- ചിലർ നിർബന്ധിച്ച് പറഞ്ഞയച്ചു. "അല്ലാഹുവിന്റെ ശിക്ഷാവിധിയുടെ കാര്യത്തിലാണോ നീ ശുപാർശ പറയുന്നത്?!" അവിടുന്ന് ദേഷ്യപ്പെട്ടു; ജനങ്ങളോട് പ്രഖ്യാപിച്ചു: "അല്ലാഹു സത്യം! എന്റെ മകൾ ഫാത്വിമയാണ് മോഷ്ടിക്കുന്നതെങ്കിൽ അവളുടെ കരം ഞാൻ ഛേദിക്കുന്നതാണ്." (ബുഖാരി: 3475, മുസ്‌ലിം: 1688)

നബി -ﷺ- അതീവ വിനയാന്വിതനായിരുന്നു; തന്റെ അനുചരന്മാരായ സ്വഹാബികൾക്കിടയിൽ അവിടുന്ന് ഇരുന്നാൽ മുൻപ് നബി -ﷺ- യെ കണ്ടിട്ടില്ലാത്ത ഒരാൾക്ക് അവിടുത്തെ അവരിൽ നിന്ന് വേർതിരിച്ചറിയാൻ കഴിയാറില്ലായിരുന്നു. ഭരണാധികാരിയിരിക്കെ അവിടുന്ന് കഴുതപ്പുറത്ത് -തന്റെ അനുചരന്മാരിൽ പെട്ടവരെ ഒപ്പമിരുത്തി- സഞ്ചരിക്കുമായിരുന്നു. "അല്ലാഹുവിന് വേണ്ടി വിനയം കാണിച്ച ഒരാളെയും അവൻ ഉയർത്താതിരുന്നിട്ടില്ല" എന്ന് അവിടുന്ന് -ﷺ- പറയുമായിരുന്നു. (മുസ്‌ലിം: 2588)

തന്നോട് അതിക്രമം പ്രവർത്തിച്ചവർക്ക് വിട്ടുവീഴ്ച്ച ചെയ്യാൻ അവിടുത്തേക്ക് യാതൊരു പ്രയാസവുമുണ്ടായിരുന്നില്ല; നബി -ﷺ- യുടെ പത്നി, ആഇശാ -ﷺ- പറയുന്നത് നോക്കൂ: "അവിടുന്ന് ഒരു പരിചാരകനെയോ ഒരു സ്ത്രീയെയോ ഒരിക്കൽ പോലും അടിച്ചിട്ടില്ല. അല്ലാഹുവിന്റെ മാർഗത്തിൽ യുദ്ധം ചെയ്യുമ്പോഴല്ലാതെ ഒന്നിനെയും തന്റെ കൈ കൊണ്ട് അവിടുന്ന് ഉപദ്രവിച്ചിട്ടില്ല. തന്നോട് അതിക്രമം പ്രവർത്തിച്ച ഒരാളോടും അവിടുന്ന് പ്രതികാരമെടുത്തിട്ടില്ല; അല്ലാഹുവിന് വേണ്ടിയല്ലാതെ. അല്ലാഹുവിന്റെ (വിധിവിലക്കുകൾ ലംഘിക്കപ്പെട്ടാൽ) അവന് വേണ്ടി അവിടുന്ന് പ്രതികാരമെടുക്കുമായിരുന്നു." (അഹ്മദ്: 25923)

നബി -ﷺ- യുടെ ജീവിതത്തിൽ നിന്നുള്ള ചില ഉദാഹരണ

ങ്ങൾ മാത്രമാണിത്; അവിടുത്തെ ജീവചരിത്രവും (സീറത്തു ന്നബി), അവിടുത്തെ ചര്യയും (സുന്നത്തും ഹദീഥുകളും) വായിക്കുന്നതിലൂടെ നബി -ﷺ- യെ കുറിച്ച് ഓരോ മുസ്‌ലിമും കൂടുതൽ പഠിക്കുകയും മനസ്സിലാക്കുകയും ചെയ്യണം.

# ഖുർആൻ എന്റെ രക്ഷിതാവിന്റെ വചനമാണ്

അല്ലാഹു പറയുന്നു:

يَـٰٓأَيُّهَا ٱلنَّاسُ قَدْ جَآءَكُم بُرْهَـٰنٌ مِّن رَّبِّكُمْ وَأَنزَلْنَآ إِلَيْكُمْ نُورًا مُّبِينًا ﴿١٧٤﴾

"മനുഷ്യരേ, നിങ്ങൾക്കിതാ നിങ്ങളുടെ രക്ഷിതാവിങ്കൽ നിന്നുള്ള സുവ്യക്തമായ തെളിവ് വന്നുകിട്ടിയിരിക്കുന്നു. വ്യക്തമായ ഒരു പ്രകാശം നാമിതാ നിങ്ങൾക്ക് ഇറക്കിത്തന്നിരിക്കുന്നു." (നിസാഅ്: 174)

അല്ലാഹു അവന്റെ ദൂതനായ മുഹമ്മദ് നബി -ﷺ- ക്ക് മേൽ അവതരിപ്പിച്ച അവന്റെ വചനമാണ് വിശുദ്ധ ഖുർആൻ. ജനങ്ങളെ ഇരുട്ടുകളിൽ നിന്ന് വെളിച്ചത്തിലേക്ക് നയിക്കുന്നതിനും, അല്ലാഹുവിന്റെ നേരായ മാർഗത്തിലേക്ക് അവർക്ക് വഴികാണിക്കുന്നതിനുമാണ് ഈ ഗ്രന്ഥം അല്ലാഹു അവതരിപ്പിച്ചിട്ടുള്ളത്.

അത് പാരായണം ചെയ്യുന്നവർക്ക് മഹത്തരമായ പ്രതിഫലമുണ്ട്. ഖുർആനിന്റെ മാർഗം ജീവിതത്തിൽ പകർത്തിയവൻ നേരായ വഴിയിൽ പ്രവേശിക്കുകയും ചെയ്തിരിക്കുന്നു.

വിശുദ്ധ ഖുർആനിനോട് മുസ്‌ലിമിന് ധാരാളം ബാധ്യതകളുണ്ട്;

1- വിശുദ്ധ ഖുർആൻ അല്ലാഹുവിന്റെ സംസാരമാണെന്നും, അവൻ മുഹമ്മദ് നബി -ﷺ- ക്ക് നൽകിയ സന്ദേശമാണെന്നും, അല്ലാഹുവിന്റെ സൃഷ്ടിയല്ല എന്നും അവൻ വിശ്വസിച്ചിരിക്കണം.

2- വിശുദ്ധ ഖുർആനിനെ ആദരിക്കുകയും, ഖുർആൻ

രേഖപ്പെടുത്തിയ മുസ്ഹഫുകൾ ബഹുമാനത്തോടെ കൈകാര്യം ചെയ്യുകയും വേണം. ഖുർആനിന്റെ വചനങ്ങളെ തമാശയാക്കുകയോ കളിയാക്കുകയോ, അങ്ങനെ ചെയ്യുന്നവരുടെ സദസ്സിൽ കൂടിയിരിക്കുകയോ പാടില്ല.

3- വിശുദ്ധ ഖുർആൻ താൽപ്പര്യത്തോടെ കേൾക്കുകയും, ഖുർആൻ പാരായണം ചെയ്യപ്പെടുമ്പോൾ ശ്രദ്ധയോടെ അതിന് ചെവിയോർക്കുകയും വേണം. നിസ്കാരത്തിൽ ഖുർആൻ പാരായണം ചെയ്യപ്പെടുമ്പോൾ ഇത് കൂടുതൽ ഗൗരവത്തിൽ ശ്രദ്ധിക്കണം.

4- ഖുർആൻ പാരായണം ചെയ്യാനും, അതിന്റെ ആശയം മനസ്സിലാക്കാനും ശ്രമിച്ചു കൊണ്ടേയിരിക്കണം. നബി -ﷺ- യും അവിടുത്തെ സ്വഹാബികളും ഉത്തമതലമുറയിൽ പെട്ടവരും വിശുദ്ധ ഖുർആൻ വിശദീകരിച്ചത് പ്രകാരം അതിലെ വചനങ്ങളുടെ വിശദീകരണങ്ങൾ മനസ്സിലാക്കാൻ ശ്രമിക്കുകയും വേണം.

5- വിശുദ്ധ ഖുർആൻ പാരായണം ചെയ്യണം; ഖുർആനിലെ ഓരോ വാക്കുകൾക്കും പത്ത് പുണ്യം വീതം രേഖപ്പെടുത്തുമെന്ന നബി -ﷺ- യുടെ വാക്ക് ഖുർആൻ പാരായണത്തിന് കൂടുതൽ ആവേശം നൽകുന്നതാണ്.

6- ഖുർആൻ സാധ്യമാകുന്നിടത്തോളം മനപാഠമാക്കണം. ഖുർആൻ മുഴുവൻ മനപാഠമാക്കിയവർക്ക് പരലോകത്ത് ശുപാർശ നൽകാൻ അവസരമുണ്ടാകുന്നതാണ്. ഖുർആൻ മനപാഠമുള്ളതിന് അനുസരിച്ച് സ്വർഗത്തിൽ ഉന്നതമായ പദവിയിലേക്ക് കയറിപ്പോകാൻ അല്ലാഹു സൗഭാഗ്യം നൽകുന്നതുമാണ്.

7- ഖുർആനിന്റെ കൽപ്പനകൾ ജീവിതത്തിൽ പ്രാവർത്തികമാക്കാൻ ശ്രമിച്ചു കൊണ്ടേയിരിക്കണം. അല്ലാഹു ഈ ഗ്രന്ഥം അവതരിപ്പിച്ചത് നമ്മുടെ ജീവിതത്തിൽ പ്രാവർത്തികമാക്കാൻ വേണ്ടിയാണെന്നത് ഒരിക്കലും വിസ്മരിക്കരുത്.

8- ഏതു അഭിപ്രായഭിന്നതകളും ഖുർആനിലേക്കും അതി

ന്റെ വിശദീകരണമായ ഹദീഥിലേക്കും മടക്കണം. ഒരു വിഷയത്തിലും -വ്യക്തിപരമോ കുടുംബപരമോ സാമൂഹികമോ ആയ ഒന്നിലും- ഖുർആനല്ലാത്ത മറ്റൊന്നിലേക്കും വിധി തേടിപ്പോകരുത്.

9- ഖുർആൻ ഹൃദയത്തിന്റെയും ശരീരത്തിന്റെയും രോഗങ്ങൾക്കുള്ള ശമനമാണ്; മനസ്സിനെ ബാധിക്കുന്ന എല്ലാ ആശയക്കുഴപ്പങ്ങൾക്കും ഖുർആൻ പരിഹാരം നൽകുന്നു. അതിലെ ആയത്തുകൾ പാരായണം ചെയ്തു കൊണ്ട് മന്ത്രിക്കുന്നത് ശരീരത്തിന്റെ അസുഖങ്ങൾക്ക് വരെ പരിഹാരമാകുന്നതാണ്.

# ഇസ്‌ലാമിന്റെ പഞ്ചസ്തംഭങ്ങൾ

«بُنِيَ الإِسْلَامُ عَلَى خَمْسٍ: شَهَادَةِ أَنْ لاَ إِلَهَ إِلَّا اللَّـهُ وَأَنَّ مُحَمَّدًا رَسُولُ اللَّـهِ، وَإِقَامِ الصَّلَاةِ، وَإِيتَاءِ الزَّكَاةِ، وَالحَجِّ، وَصَوْمِ رَمَضَانَ»

നബി -ﷺ- പറഞ്ഞു: "ഇസ്‌ലാം പടുത്തുയർത്തപ്പെട്ടത് അഞ്ച് കാര്യങ്ങളിലാണ്. 'ലാ ഇലാഹ ഇല്ലല്ലാഹ്, മുഹമ്മദുൻ റസൂലുല്ലാഹ്' (അല്ലാഹുവല്ലാതെ ആരാധനർക്ക് അർഹനായി ആരുമില്ല, മുഹമ്മദ് നബി അല്ലാഹുവിന്റെ ദൂതനാണ്) എന്ന് സാക്ഷ്യം വഹിക്കൽ, നിസ്കാരം നിലനിർത്തൽ, സകാത്ത് നൽകൽ, റമദാൻ മാസം നോമ്പെടുക്കൽ, ഹജ്ജ് നിർവ്വഹിക്കൽ (എന്നിവയാണവ)."

ഓരോ മുസ്‌ലിമിന് മേലും നിർബന്ധമായ ആരാധനാകർമ്മങ്ങളാണ് ഇസ്‌ലാം കാര്യങ്ങൾ. ഇവയെല്ലാം നിർബന്ധമാണെന്ന് വിശ്വസിക്കുകയും, അവ മുഴുവൻ പ്രാവർത്തികമാക്കുകയും ചെയ്യാതെ ഒരാളുടെ ഇസ്‌ലാം ശരിയാവുകയില്ല. കാരണം ഇസ്‌ലാം അതിന് മേലാണ് പടുത്തുയർത്തപ്പെട്ടിരിക്കുന്നത്. അതു കൊണ്ടാണ് ഇവക്ക് ഇസ്‌ലാമിന്റെ പഞ്ചസ്തംഭങ്ങൾ എന്ന പേര് നൽകപ്പെട്ടത്.

ഈ സ്തംഭങ്ങൾ ഇനി വിവരിക്കാം.

**ഒന്ന്: ശഹാദത്ത് കലിമഃ.**

'ലാ ഇലാഹ ഇല്ലല്ലാഹ്, മുഹമ്മദുൻ റസൂലുല്ലാഹ്' (അല്ലാഹുവല്ലാതെ ആരാധനർക്ക് അർഹനായി ആരുമില്ല, മുഹമ്മദ് നബി അല്ലാഹുവിന്റെ ദൂതനാണ്) എന്ന് സാക്ഷ്യം വഹിക്കൽ.

فَٱعْلَمْ أَنَّهُۥ لَآ إِلَٰهَ إِلَّا ٱللَّهُ

"അല്ലാഹുവല്ലാതെ ആരാധനക്ക് അർഹനായി മറ്റാരുമില്ലെന്ന് നീ അറിയുക." (മുഹമ്മദ്: 19)

لَقَدْ جَآءَكُمْ رَسُولٌ مِّنْ أَنفُسِكُمْ عَزِيزٌ عَلَيْهِ مَا عَنِتُّمْ حَرِيصٌ عَلَيْكُم بِٱلْمُؤْمِنِينَ رَءُوفٌ رَّحِيمٌ ﴿١٢٨﴾

"തീർച്ചയായും നിങ്ങൾക്കിതാ നിങ്ങളിൽ നിന്നു തന്നെയുള്ള ഒരു ദൂതൻ വന്നിരിക്കുന്നു. നിങ്ങൾ കഷ്ടപ്പെടുന്നത് സഹിക്കുവാൻ കഴിയാത്തവനും, നിങ്ങളുടെ കാര്യത്തിൽ അതീവ താൽപര്യമുള്ളവനും, സത്യവിശ്വാസികളോട് അത്യന്തം ദയാലുവും കാരുണ്യവാനുമാണ് അദ്ദേഹം." (തൗബ: 128)

'ലാ ഇലാഹ ഇല്ലല്ലാഹ്' എന്നതിന്റെ അർത്ഥം: അല്ലാഹുവല്ലാതെ ആരാധനക്ക് അർഹനായി മറ്റാരുമില്ല എന്നാകുന്നു.

അല്ലാഹുവിന് മാത്രമാണ് നിന്റെ ഇബാദത്തുകൾക്ക് (ആരാധനകൾ) എല്ലാം അർഹതയുള്ളത്; പ്രാർത്ഥനയും, സഹായതേട്ടവും, അങ്ങേയറ്റത്തെ ഭയവും പ്രതീക്ഷയും, ഏറ്റവും കഠിനമായ സ്നേഹവും, നിസ്കാരവും, നോമ്പും, സുജൂദും (സാഷ്ടാംഘം) പോലുള്ള അനേകം ഇബാദത്തുകളുണ്ട്. ഇവയിൽ ഒന്നു പോലും അല്ലാഹുവല്ലാത്തവർക്ക് നൽകരുത്; അല്ലാഹുവല്ലാത്തവരെ ആരാധിക്കുക എന്നത് ഇസ്‌ലാമിൽ നിന്ന് പുറത്തു പോകാൻ കാരണമാകുന്ന കാര്യമാണ്.

അല്ലാഹുവല്ലാത്ത ഒരാൾക്ക് ആരാധന നൽകപ്പെടുക എന്നതാണ് (ശിർക്ക്) ഏറ്റവും ഗുരുതരമായ തിന്മ; അല്ലാഹുവിന് പുറമെ ആരാധിക്കപ്പെടുന്ന സർവ്വ ആരാധ്യവസ്തുക്കളിൽ നിന്നും നീ അകലം പാലിക്കണം. ശിർക്കിൽ നിന്നും, അതിന്റെ വക്താക്കളിൽ നിന്നും, അതിന്റെ ആചാരങ്ങളിൽ നിന്നും നീ പൂർണ്ണമായും വിട്ടുനിൽക്കുകയും വേണം.

'മുഹമ്മദുൻ റസൂലുല്ലാഹ്' എന്നതിന്റെ അർത്ഥം: മുഹമ്മദ് നബി -ﷺ- അല്ലാഹുവിൽ നിന്നുള്ള ദൂതനാണ് എന്ന് വിശ്വസിക്കലാണ്. അവിടുന്ന് മനുഷ്യരിലേക്കും ജിന്നുകളിലേക്കും, കറുത്തവരിലേക്കും വെളുത്തവരിലേക്കും, അറബികളിലേക്കും അനറബികളിലേക്കും മുഴുവനായി നിയോഗിക്കപ്പെട്ട നബിയാണ്. അവിടുത്തെ അനുസരിക്കൽ അവരുടെയെല്ലാം മേൽ നിർബന്ധവുമാണ്. അല്ലാഹുവിന്റെ ദൂതന്മാരിൽ അന്തി

മനാണ് മുഹമ്മദ് നബി -ﷺ-; അവിടുത്തേക്ക് ശേഷം ഇനി യൊരു നബിയില്ല.

നബി -ﷺ- അല്ലാഹുവിന്റെ ദൂതനാണെന്ന് അംഗീകരിക്കു ന്നതോടെ നാല് കാര്യങ്ങൾ നിന്റെ മേൽ നിർബന്ധമാകുന്നു:

1- നബി -ﷺ- പറഞ്ഞതെല്ലാം സത്യമാണെന്ന് വിശ്വസിച്ച് അംഗീകരിക്കൽ. 2- നബി -ﷺ- കൽപ്പിച്ചതെല്ലാം അനുസരി ക്കുകയും പ്രാവർത്തികമാക്കുകയും ചെയ്യൽ. 3- നബി -ﷺ- വിലക്കിയതെല്ലാം ഉപേക്ഷിക്കുകയും വെടിയുകയും ചെയ്യൽ. 4- നബി -ﷺ- യുടെ മാതൃക പ്രകാരം മാത്രം ഇബാദത്തുകൾ നിർവ്വഹിക്കൽ.

**രണ്ട്: നിസ്കാരം നിലനിർത്തൽ.**

وَأَقِيمُواْ ٱلصَّلَوٰةَ

അല്ലാഹു പറയുന്നു: "നിങ്ങൾ നിസ്കാരം നിലനിർത്തു ക." (ബഖറ: 110)

അല്ലാഹു നിയമമാക്കിയ രൂപത്തിൽ, നബി -ﷺ- നമുക്ക് പഠിപ്പിച്ചു തന്ന രൂപത്തിൽ നിസ്കാരം നിർവ്വഹിച്ചാലേ അത് നിസ്കാരം നിലനിർത്തലാവുകയുള്ളൂ.

**മൂന്ന്: സകാത്ത് നൽകൽ.**

وَءَاتُواْ ٱلزَّكَوٰةَ

അല്ലാഹു പറയുന്നു: "നിങ്ങൾ സകാത്ത് നൽകുക." (ബഖറ: 110)

ഓരോ മുസ്‌ലിമിന്റെയും വിശ്വാസം സത്യസന്ധമാണോ എന്ന പരിശോധന സകാത്ത് എന്ന കർമ്മത്തിലുണ്ട്. അല്ലാ ഹു നൽകിയ സമ്പത്താകുന്ന അനുഗ്രഹത്തിനുള്ള നന്ദിയും, ദരിദ്രരെയും ആവശ്യക്കാരെയും സഹായിക്കുക എന്നതും സകാത്തിന്റെ ലക്ഷ്യത്തിൽ പെട്ടതാണ്.

സകാത്തിന് അർഹതയുള്ളവർക്ക് അത് നൽകിക്കൊ ണ്ടാണ് ഈ ആരാധന നിർവ്വഹിക്കേണ്ടത്.

നിശ്ചിതമായ ഒരു പരിധി സമ്പത്ത് ഒരാൾ ഉടമപ്പെടുത്തിയാൽ അയാൾ നിർബന്ധമായും അതിൽ നിന്ന് ഒരു വിഹിതം സകാത്തായി നൽകണം. വിശുദ്ധ ഖുർആനിൽ അല്ലാഹു വിവരിച്ചിട്ടുള്ള എട്ടു വിഭാഗം ആളുകൾക്കാണ് സകാത്ത് നൽകേണ്ടത്. ദരിദ്രരും സാധുക്കളും ആവശ്യത്തിനുള്ള പണമില്ലാത്തവരും അക്കൂട്ടത്തിൽ ഉൾപ്പെടും.

സകാത്ത് നൽകുന്നതിൽ കാരുണ്യത്തിന്റെയും സ്നേഹത്തിന്റെയും അംശങ്ങൾ പ്രകടമാകുന്നു. മുസ്‌ലിമിന്റെ സ്വഭാവവും സമ്പത്തും ഒരുപോലെ അതിലൂടെ ശുദ്ധീകരിക്കപ്പെടുന്നു. പാവപ്പെട്ടവരുടെയും ദരിദ്രരുടെയും മനസ്സുകൾക്ക് അതിലൂടെ തൃപ്തി നൽകപ്പെടുന്നു.

മുസ്‌ലിം സമൂഹത്തിനിടയിൽ ഉണ്ടായിരിക്കേണ്ട പരസ്പര സ്നേഹത്തിന്റെയും സാഹോദര്യത്തിന്റെയും കണ്ണികൾ അതിലൂടെ ഊട്ടിയുറപ്പിക്കുന്നു. അതിനാൽ സൽകർമ്മിയായ ഓരോ മുസ്‌ലിമും നിറഞ്ഞ ഹൃദയത്തോടെ അപരന് തന്റെ സകാത്ത് നൽകാൻ തയ്യാറാകുന്നു. തന്റെ ചുറ്റുമുള്ളവർക്ക് സന്തോഷകരമായ ജീവിതം അതിലൂടെ ലഭിക്കുന്നതിൽ അവൻ ആനന്ദം കണ്ടെത്തുന്നു.

മനുഷ്യർ സ്വരുക്കൂട്ടുന്ന സമ്പത്തുകളായ സ്വർണ്ണം, വെള്ളി, കറൻസി, വിൽപ്പനക്കായി ഒരുക്കി വെച്ച കച്ചവടമുതലുകൾ തുടങ്ങിയവയിൽ നിന്ന് 2.5 % ശതമാനമാണ് സകാതായി നൽകേണ്ടത്. ഈ പറഞ്ഞ സമ്പത്ത് നിശ്ചിത തോത് എത്തുകയും, അവ ഒരു വർഷം ഉടമസ്ഥന്റെ കയ്യിൽ നിലനിൽക്കുകയും ചെയ്താലാണ് സകാത്ത് നൽകേണ്ടത്.

ഇതു പോലെ, നിശ്ചിത എണ്ണം കന്നുകാലികളെ (ഒട്ടകം, പശു, ആട് എന്നിവയെ) ഉടമപ്പെടുത്തുന്നവരും സകാത്ത് നൽകണം. (വർഷത്തിൽ ഭൂരിഭാഗം കാലവും ഉടമസ്ഥൻ ഭക്ഷണം നൽകാതെ, പൊതുഇടങ്ങളിൽ മേഞ്ഞു നടക്കുന്ന കന്നുകാലികളുടെ മേലാണ് സകാത്ത് ഉള്ളത്.)

ഭൂമിയിൽ നിന്ന് ലഭിക്കുന്ന കൃഷിവിഭവങ്ങളായ ധാന്യങ്ങളിലും ഫലങ്ങളിലും ലോഹങ്ങളിലും നിധികളിലും -അവ നി

ശ്ചിത അളവുണ്ടെങ്കിൽ- സകാത്ത് നിർബന്ധമാണ്.

**നാല്: റമദാൻ മാസത്തിൽ നോമ്പ് അനുഷ്ഠിക്കൽ.**

يَـٰٓأَيُّهَا ٱلَّذِينَ ءَامَنُوا۟ كُتِبَ عَلَيْكُمُ ٱلصِّيَامُ كَمَا كُتِبَ
عَلَى ٱلَّذِينَ مِن قَبْلِكُمْ لَعَلَّكُمْ تَتَّقُونَ ﴿١٨٣﴾

"(അല്ലാഹുവിലും അവന്റെ ദൂതനിലും) വിശ്വസിച്ചവരേ! നിങ്ങളുടെ മുമ്പുള്ളവർക്ക് നിർബന്ധമാക്കപ്പെട്ടത് പോലെ ത്തന്നെ നിങ്ങൾക്കും നോമ്പ് നിർബന്ധമായി കല്പിക്കപ്പെട്ടി രിക്കുന്നു. നിങ്ങൾ ദോഷബാധയെ സൂക്ഷിക്കുവാൻ വേണ്ടി യത്രെ അത്." (ബഖറ: 183)

ഹിജ്റ മാസങ്ങളിലെ ഒൻപതാം മാസമാണ് റമദാൻ. മു സ്‌ലിമീങ്ങൾ പരിശുദ്ധമായി കാണുന്ന ഈ മാസത്തിന് വർ ഷത്തിലെ മറ്റു മാസങ്ങൾക്കില്ലാത്ത പ്രത്യേകമായ സ്ഥാനമു ണ്ട്. ഈ മാസം മുഴുവനായി നോമ്പ് അനുഷ്ഠിക്കുക എന്നത് ഇസ്‌ലാമിലെ അഞ്ച് സ്തംഭങ്ങളിൽ ഒന്നാണ്.

പുലരി മുതൽ സൂര്യൻ അസ്തമിക്കുന്നത് വരെ ഭക്ഷണ വും വെള്ളവും ലൈംഗികബന്ധവും പോലുള്ള നോമ്പ് മുറി ക്കുന്ന കാര്യങ്ങളെല്ലാം ഉപേക്ഷിച്ചു കൊണ്ട് റമദാൻ മാസ ത്തിൽ അല്ലാഹുവിനെ ആരാധിക്കുക എന്നതാണ് റമദാനി ലെ നോമ്പ് കൊണ്ട് ഉദ്ദേശിക്കുന്നത്.

**അഞ്ച്: പരിശുദ്ധ കഅ്ബയിൽ ഹജ്ജ് നിർവ്വഹിക്കുക.**

وَلِلَّهِ عَلَى ٱلنَّاسِ حِجُّ ٱلْبَيْتِ مَنِ ٱسْتَطَاعَ إِلَيْهِ سَبِيلًا ۚ

"കഅ്ബയിലേക്ക് എത്തിച്ചേരാൻ കഴിവുള്ള മനുഷ്യർ അതിലേക്ക് ഹജ്ജ് തീർഥാടനം നടത്തൽ അവർക്ക് അല്ലാ ഹുവോടുള്ള ബാധ്യതയാകുന്നു." (ആലു ഇംറാൻ: 97)

ഹജ്ജിന് സാധിക്കുന്നവർക്ക് മേൽ മാത്രമേ അത് നിർബ ന്ധമാവുകയുള്ളൂ. ആയുസ്സിൽ ഒരു തവണയേ ഹജ്ജ് നിർബ ന്ധമാവുകയുള്ളൂ. പരിശുദ്ധ മക്കയിൽ നിലകൊള്ളുന്ന ക അ്ബയും വിശുദ്ധമായ പരിസരങ്ങളും ലക്ഷ്യം വെച്ചു കൊ

ണ്ടുള്ള യാത്രയാണ് ഹജ്ജ്.

അല്ലാഹു നിശ്ചയിച്ച സമയവും, നിശ്ചയിച്ച രൂപത്തിലുള്ള ആരാധനകളും നിർവ്വഹിച്ചു കൊണ്ടാണ് ഹജ്ജ് ചെയ്യേണ്ടത്. മുഹമ്മദ് നബി -ﷺ- യും അവിടുത്തേക്ക് മുൻപുള്ള മറ്റു നബിമാരും ഹജ്ജ് നിർവ്വഹിച്ചിട്ടുണ്ട്. അല്ലാഹു ഹജ്ജ് നിർവ്വഹിക്കുന്നതിനായി ജനങ്ങൾക്കിടയിൽ വിളംബരം നടത്താൻ ഇബ്രാഹീം നബി -عليه السلام- യോട് കൽപ്പിച്ചിട്ടുണ്ട്.

വിശുദ്ധ ഖുർആനിൽ അല്ലാഹു അതിനെ കുറിച്ച് ഇപ്രകാരമാണ് പറഞ്ഞത്:

وَأَذِّن فِي ٱلنَّاسِ بِٱلْحَجِّ يَأْتُوكَ رِجَالًا وَعَلَىٰ كُلِّ ضَامِرٍ
يَأْتِينَ مِن كُلِّ فَجٍّ عَمِيقٍ ﴿٢٧﴾

"(നാം അദ്ദേഹത്തോട് പറഞ്ഞു:) ജനങ്ങൾക്കിടയിൽ നീ ഹജ്ജ് തീർത്ഥാടനത്തെപറ്റി വിളംബരം ചെയ്യുക. വിദൂരമായ സകല മലമ്പാതകളിലൂടെയും നടന്നുകൊണ്ടും, എല്ലാ വിധ മെലിഞ്ഞ ഒട്ടകങ്ങളുടെ പുറത്ത് കയറിയും അവർ നിന്റെയടുത്ത് വന്നു കൊള്ളും." (ഹജ്ജ്: 27)

# ഈമാനിന്റെ സ്തംഭങ്ങൾ പഠിക്കാം!

ഈമാനിനെ കുറിച്ച് ചോദിക്കപ്പെട്ടപ്പോൾ നബി -ﷺ- ഇപ്രകാരം പറഞ്ഞു:

«أَنْ تُؤْمِنَ بِاللَّـهِ، وَمَلَائِكَتِهِ، وَكُتُبِهِ، وَرُسُلِهِ، وَالْيَوْمِ الْآخِرِ، وَتُؤْمِنَ بِالْقَدَرِ خَيْرِهِ وَشَرِّهِ»

'ഈമാൻ എന്നാൽ താങ്കൾ അല്ലാഹുവിലും അവന്റെ മലക്കുകളിലും, അവന്റെ വേദഗ്രന്ഥങ്ങളിലും, അവന്റെ ദൂതന്മാരിലും, അന്ത്യനാളിലും, അവന്റെ വിധിയിലും; അതിന്റെ നന്മയിലും തിന്മയിലും വിശ്വസിക്കലാണ്."

ഓരോ മുസ്‌ലിമിന്റെ മേലും നിർബന്ധമായിട്ടുള്ള, ആന്തരികമായ (ഹൃദയത്തിൽ ഉണ്ടായിരിക്കേണ്ട) ആരാധനകളാണ് ഈമാനിന്റെ സ്തംഭങ്ങൾ. ഈ കാര്യങ്ങളിൽ വിശ്വസിക്കാതെ ഒരാളുടെ ഇസ്‌ലാം ശരിയാവുകയില്ല എന്നതു കൊണ്ടാണ് ഇവയെ വിശ്വാസത്തിന്റെ സ്തംഭങ്ങൾ എന്ന് വിശേഷിപ്പിക്കുന്നത്.

ഇസ്‌ലാം കാര്യങ്ങളും ഈമാൻ കാര്യങ്ങളും തമ്മിൽ ചില വ്യത്യാസങ്ങളുണ്ട്. ഇസ്‌ലാം കാര്യങ്ങൾ പുറമേക്ക് പ്രകടമാകുന്ന പ്രവർത്തനങ്ങളാണ്; രണ്ട് സാക്ഷ്യവചനങ്ങൾ ഉച്ചരിക്കുക, നിസ്കാരം നിർവ്വഹിക്കുക, സകാത്ത് നൽകുക പോലുള്ളവ ഉദാഹരണം. എന്നാൽ ഈമാൻ കാര്യങ്ങൾ ഹൃദയത്തിലുള്ള ആന്തരികമായ കാര്യങ്ങളാണ്. അല്ലാഹുവിലുള്ള വിശ്വാസം, അല്ലാഹുവിന്റെ വേദഗ്രന്ഥങ്ങളിലും അവന്റെ ദൂതന്മാരിലുമുള്ള വിശ്വാസം എന്നിവ ഉദാഹരണം.

**ഈമാനിന്റെ അർത്ഥവും ആശയവും:** അല്ലാഹുവിലും അവന്റെ മലക്കുകളിലും അവന്റെ വേദഗ്രന്ഥങ്ങളിലും

അന്ത്യനാളിലും അല്ലാഹുവിന്റെ വിധിയിലും; അതിന്റെ നന്മയിലും തിന്മയിലും ഹൃദയം കൊണ്ട് ഉറച്ചു വിശ്വസിക്കുകയും, നബി -ﷺ- കൊണ്ടുവന്ന എല്ലാ കാര്യവും പിൻപറ്റുകയും അവ പ്രാവർത്തികമാക്കുകയും, നാവുകൊണ്ട് ഉച്ചരിക്കുകയും ചെയ്യുക; ഇതാണ് ഈമാനിന്റെ ഉദ്ദേശ്യം.

ലാ ഇലാഹ ഇല്ലല്ലാഹ് ഉച്ചരിക്കുക, ഖുർആൻ പാരായണം നടത്തുക, സ്തുതികീർത്തനങ്ങൾ ചൊല്ലുക, അല്ലാഹുവിനെ പ്രകീർത്തിക്കുക പോലുള്ളവയാണ് നാവുകൊണ്ട് ഉച്ചരിക്കുക എന്നതിന്റെ ഉദ്ദേശം.

നിസ്കാരം, ഹജ്ജ്, നോമ്പ് പോലുള്ള ബാഹ്യമായ പ്രവർത്തനങ്ങൾ ചെയ്യലും, അല്ലാഹുവിനോടുള്ള സ്നേഹം, ഭയഭക്തി, അവനിൽ ഭരമേൽപ്പിക്കൽ അവന് വേണ്ടി പ്രവർത്തനങ്ങൾ നിഷ്കളങ്കമാക്കുക പോലുള്ള ആന്തരികമായ പ്രവർത്തനങ്ങൾ ചെയ്യലും ഈമാനിന്റെ വിവക്ഷയിൽ പെട്ടതാണ്.

ഈമാനിനെ നിർവ്വചിച്ചു കൊണ്ട് പണ്ഡിതന്മാർ പറഞ്ഞു: ഈമാനെന്നാൽ ഹൃദയം കൊണ്ട് (അല്ലാഹുവും അവന്റെ ദൂതനും അറിയിച്ചവയിൽ) വിശ്വസിക്കുകയും, നാവ് കൊണ്ട് (ശഹാദത്ത് കലിമ) ഉച്ചരിക്കുകയും, ശരീരാവയവങ്ങൾ കൊണ്ട് (സൽകർമ്മങ്ങൾ) പ്രവർത്തിക്കുകയും ചെയ്യലാണ്. നന്മകൾ പ്രവർത്തിക്കുമ്പോൾ ഈമാൻ വർദ്ധിക്കുകയും, തിന്മകൾ ചെയ്യുമ്പോൾ ഈമാൻ കുറയുകയും ചെയ്യും.

ഈമാനിന്റെ ഓരോ സ്തംഭങ്ങളും ചുരുങ്ങിയ രൂപത്തിൽ ഇനി വിവരിക്കാം.

# അല്ലാഹുവിലുള്ള വിശ്വാസം

إِنَّمَا ٱلْمُؤْمِنُونَ ٱلَّذِينَ ءَامَنُوا۟ بِٱللَّهِ

അല്ലാഹു പറയുന്നു: "അല്ലാഹുവിൽ വിശ്വസിച്ചവർ മാത്ര മാണ് ഈമാനുള്ളവർ." (നൂർ: 62)

അല്ലാഹുവിലുള്ള വിശ്വാസം 4 അടിത്തറകൾ ഉൾക്കൊ ള്ളുന്നു. അവ ചുരുങ്ങിയ രൂപത്തിൽ താഴെ വിവരിക്കാം.

**അല്ലാഹു ഉണ്ട് എന്ന വിശ്വാസം:**

ആകാശഭൂമികളെയും അതിലുള്ളവയെയും സൃഷ്ടിച്ചവനാ യ ഒരു സർവ്വസ്രഷ്ടാവ് ഉണ്ട് എന്നും, അവന്റെ നാമമാണ് അ ല്ലാഹു എന്നും വിശ്വസിക്കണം. മനോഹരമായി സംവിധാനി ക്കപ്പെട്ട ഈ പ്രപഞ്ചവും, മനുഷ്യരുടെ കേവലബുദ്ധിയും, വി ശുദ്ധ ഖുർആനും നബി -ﷺ- യുടെ ഹദീഥുകളുമെല്ലാം അല്ലാ ഹു ഉണ്ട് എന്നതിന് എണ്ണമില്ലാത്ത തെളിവുകൾ നൽകുന്നു.

**അല്ലാഹു മാത്രമാണ് എന്റെ 'റബ്ബ്' എന്ന വിശ്വാസം:**

സർവ്വ പ്രപഞ്ചത്തെയും അതിലുള്ളവരെയും സൃഷ്ടിച്ചവ നും അവയെല്ലാം ഉടമപ്പെടുത്തിയവനും സർവ്വതിനെയും നി യന്ത്രിക്കുകയും ചെയ്യുന്ന ലോകരക്ഷിതാവായ 'റബ്ബുൽ ആല മീൻ' അല്ലാഹു മാത്രമാണ് എന്ന് വിശ്വസിക്കണം. അവനാണ് ജീവൻ നൽകുകയും മരിപ്പിക്കുകയും ചെയ്യുന്നവൻ. അവൻ മാത്രമാണ് ഉപജീവനം നൽകുന്നവനും മഴ പെയ്യിക്കുകയും സസ്യലതാദികൾ മുളപ്പിക്കുകയും ചെയ്യുന്നവൻ. ഈ കാര്യ ങ്ങളിലെല്ലാം അല്ലാഹു ഏകനാണ് എന്ന് ഓരോ മുസ്‌ലിമും വിശ്വസിക്കേണ്ടതുണ്ട്.

**അല്ലാഹു മാത്രമാണ് എന്റെ 'ഇലാഹ്' എന്ന വിശ്വാസം:**

അല്ലാഹു മാത്രമാണ് ആരാധനകൾക്കെല്ലാം അർഹത യുള്ളവനായ ഏകഇലാഹ്. അവന് പുറമെ ഒരാൾക്കും ആരാ ധനകൾ നൽകാൻ പാടില്ല. ഞാൻ അവനോട് മാത്രമേ പ്രാർ

ത്ഥിക്കുകയും അവനോട് മാത്രമേ സഹായം തേടുകയുമുള്ളൂ. എന്റെ ജീവിതവും മരണവും എന്റെ നിസ്കാരങ്ങളും ബലി കർമ്മങ്ങളും സാഷ്ട്രാംഘവുമെല്ലാം അവന് മാത്രമുള്ളതാണ്.

ഇസ്‌ലാമിലെ ഏറ്റവും വലിയ നന്മയും പരമപ്രധാനമായ അടിത്തറയുമായ തൗഹീദ് എന്നത് കൊണ്ട് ഉദ്ദേശ്യം ഇക്കാര്യമാണ്. അല്ലാഹുവല്ലാത്തവർക്ക് ആരാധന നൽകുക എന്ന ബഹുദൈവാരാധന -ശിർക്ക്- ഇതിന്റെ നേർവിപരീതവും, ഒരു സൃഷ്ടി ചെയ്യുന്നതിൽ ഏറ്റവും ഗുരുതരമായ തിന്മയുമാണ്.

## അല്ലാഹുവിന്റെ നാമങ്ങളിലും ഗുണവിശേഷണങ്ങളിലുമുള്ള വിശ്വാസം:

അല്ലാഹുവിന് അത്യുത്തമമായ അനേകം നാമങ്ങളുണ്ട്; അസ്മാഉൽ ഹുസ്നാ (الأَسْـمَاءُ الحُسْـنَى) എന്നാണ് അവക്ക് പറയുക. അല്ലാഹുവിനെ വിളിച്ചു പ്രാർത്ഥിക്കാനും, അവനെ കുറിച്ച് കൂടുതൽ അറിയാനുമുള്ള ഏറ്റവും നല്ല വഴികളിലൊന്നാണ് അല്ലാഹുവിന്റെ പേരുകൾ പഠിക്കുക എന്നത്. ഇസ്‌ലാമിക വിജ്ഞാനങ്ങളിൽ ഏറ്റവും ശ്രേഷ്ഠമായ വിജ്ഞാനവും അല്ലാഹുവിനെ കുറിച്ചുള്ള ഈ അറിവാണ്. അല്ലാഹുവിന് അനേകം വിശേഷണങ്ങളുമുണ്ട്. അല്ലാഹുവിന്റെ തിരുവദനം, അവന്റെ അതിവിശാലമായ കാരുണ്യം, അതീവ നന്മകളാൽ നിറഞ്ഞ സംസാരം, സമ്പൂർണ്ണമായ യുക്തി എന്നിവ ചില ഉദാഹരണങ്ങളാണ്.

അല്ലാഹുവിന് തുല്ല്യമോ സമാനമായോ യാതൊന്നുമില്ല. അവന്റെ വിശേഷണങ്ങളുടെ രൂപം നമുക്ക് അറിയുകയുമില്ല. അതിനാൽ അല്ലാഹുവിനെ കുറിച്ച് അവൻ തന്റെ ഗ്രന്ഥമായ ഖുർആനിലും നബി -ﷺ- അവിടുത്തെ ഹദീഥിലും വിവരിച്ചു തന്നത് അതുപോലെ വിശ്വസിക്കുകയാണ് നമ്മുടെ ബാധ്യത. അവയിൽ യാതൊന്നും സൃഷ്ടികളോട് സമപ്പെടുത്തുകയോ, അവക്ക് രൂപം പറയുകയോ, അവയിലേതെങ്കിലും നിഷേധിക്കുകയോ, അവയുടെ അർത്ഥം വക്രീകരിക്കുകയോ ചെയ്യുക എന്നത് ഗുരുതരമായ പാപമാണ്.

# മലക്കുകളിലുള്ള വിശ്വാസം

അല്ലാഹു പറയുന്നു:

ٱلْحَمْدُ لِلَّهِ فَاطِرِ ٱلسَّمَٰوَٰتِ وَٱلْأَرْضِ جَاعِلِ ٱلْمَلَٰٓئِكَةِ رُسُلًا
أُو۟لِىٓ أَجْنِحَةٍ مَّثْنَىٰ وَثُلَٰثَ وَرُبَٰعَ ۚ يَزِيدُ فِى ٱلْخَلْقِ مَا يَشَآءُ ۚ
إِنَّ ٱللَّهَ عَلَىٰ كُلِّ شَىْءٍ قَدِيرٌ ﴿١﴾

"ആകാശങ്ങളും ഭൂമിയും സൃഷ്ടിച്ചുണ്ടാക്കിയവനും രണ്ടും മൂന്നും നാലും ചിറകുകളുള്ള മലക്കുകളെ ദൂതന്മാരായി നിയോഗിച്ചവനുമായ അല്ലാഹുവിന് സ്തുതി. സൃഷ്ടിയിൽ താൻ ഉദ്ദേശിക്കുന്നത് അവൻ അധികരിപ്പിക്കുന്നു. തീർച്ചയായും അല്ലാഹു ഏത് കാര്യത്തിനും കഴിവുള്ളവനാകുന്നു." (ഫാത്വിർ: 1)

മലക്കുകളെ കുറിച്ച് വിശ്വസിക്കേണ്ട ചില കാര്യങ്ങൾ:

- അല്ലാഹുവിന്റെ സൃഷ്ടികളിൽ പെട്ട വിഭാഗമാണ് അവർ. മലക്കുകൾ നമുക്ക് അദൃശ്യമായ ലോകമാണ്.

- പ്രകാശത്തിൽ നിന്നാണ് അല്ലാഹു അവരെ പടച്ചത്.

- അല്ലാഹുവിനെ അനുസരിക്കുന്നവരും അവന് കീഴൊതുങ്ങുന്നവരുമായി കൊണ്ടാണ് അവരെ അവൻ സംവിധാനിച്ചിരിക്കുന്നത്.

- വളരെ വലിയ സൃഷ്ടികളാണ് മലക്കുകൾ. അവരുടെ ശക്തിയോ എണ്ണമോ അല്ലാഹുവിനല്ലാതെ അറിയുകയില്ല.

- മലക്കുകളിൽ എല്ലാവർക്കും അല്ലാഹു അവർക്ക് നൽകിയ അവരുടേതായ പേരുകളും വിശേഷണങ്ങളും ഉത്തരവാദിത്തങ്ങളുമുണ്ട്.

- അല്ലാഹുവിൽ നിന്നുള്ള സന്ദേശവുമായി അവന്റെ ദൂതരിലേക്ക് നിയോഗിക്കപ്പെടാറുള്ള ജിബ്രീൽ -ﷺ- മലക്കുകളിൽ ഒരുവരാണ്.

# വേദഗ്രന്ഥങ്ങളിലുള്ള വിശ്വാസം

അല്ലാഹു പറയുന്നു:

قُولُوٓاْ ءَامَنَّا بِٱللَّهِ وَمَآ أُنزِلَ إِلَيۡنَا وَمَآ أُنزِلَ إِلَىٰٓ إِبۡرَٰهِـۧمَ وَإِسۡمَٰعِيلَ وَإِسۡحَٰقَ وَيَعۡقُوبَ وَٱلۡأَسۡبَاطِ وَمَآ أُوتِيَ مُوسَىٰ وَعِيسَىٰ وَمَآ أُوتِيَ ٱلنَّبِيُّونَ مِن رَّبِّهِمۡ لَا نُفَرِّقُ بَيۡنَ أَحَدٖ مِّنۡهُمۡ وَنَحۡنُ لَهُۥ مُسۡلِمُونَ ١٣٦

"നിങ്ങൾ പറയുക: അല്ലാഹുവിലും, അവങ്കൽ നിന്ന് ഞങ്ങൾക്ക് അവതരിപ്പിച്ചു കിട്ടിയതിലും, ഇബ്രാഹീമിനും ഇസ്മാഈലിനും ഇസ്ഹാഖിനും യഅ്ഖൂബിനും യഅ്ഖൂബ് സന്തതികൾക്കും അവതരിപ്പിച്ച് കൊടുത്തതിലും, മൂസാ, ഈസാ എന്നിവർക്ക് നൽകപ്പെട്ടതിലും, സർവ്വ നബിമാർക്കും അവരുടെ രക്ഷിതാവിങ്കൽ നിന്ന് നൽകപ്പെട്ടതി (സന്ദേശങ്ങളി) ലും ഞങ്ങൾ വിശ്വസിച്ചിരിക്കുന്നു. അവരിൽ ആർക്കിടയിലും ഞങ്ങൾ വിവേചനം കല്പിക്കുന്നില്ല. ഞങ്ങൾ അല്ലാഹുവിന്ന് കീഴ്പെട്ട് ജീവിക്കുന്നവരുമാകുന്നു." (ബഖറ: 136)

അല്ലാഹുവിൽ നിന്ന് അവതീർണ്ണമായ എല്ലാ ഗ്രന്ഥങ്ങളും അല്ലാഹുവിന്റെ (കലാം) സംസാരമാണെന്ന് ഓരോ മുസ്ലിമും ഉറച്ചു വിശ്വസിച്ചിരിക്കണം. വ്യക്തമായ സത്യവുമായി അല്ലാഹുവിൽ നിന്ന് അവന്റെ ദൂതന്മാർക്ക് മേൽ അവതരിപ്പിക്കപ്പെട്ട, അവന്റെ ദാസന്മാരിലേക്കുള്ള സന്ദേശമാണ് പ്രസ്തുത ഗ്രന്ഥങ്ങൾ എന്നും അവൻ വിശ്വസിക്കണം.

സർവ്വ മനുഷ്യരിലേക്കുമായി മുഹമ്മദ് നബി -ﷺ- യെ അയച്ചതിലൂടെ, അവിടുത്തെ മതനിയമങ്ങൾ അതിന് മുൻപ് അവതരിപ്പിക്കപ്പെട്ട എല്ലാ മതനിയമങ്ങളെയും ദുർബലപ്പെടുത്തിയിരിക്കുന്നു.

മുൻപ് അവതരിപ്പിക്കപ്പെട്ട എല്ലാ വേദഗ്രന്ഥങ്ങളിലെയും ആശയത്തെ നബി -ﷺ- ക്ക് മേൽ അവതരിപ്പിക്കപ്പെട്ട വിശുദ്ധ ഖുർആനിലൂടെ അല്ലാഹു സംരക്ഷിക്കുകയും, അവയെ

ഈ ഗ്രന്ഥം ദുർബലപ്പെടുത്തുകയും ചെയ്തിരിക്കുന്നു. വിശുദ്ധ ഖുർആൻ എന്തെങ്കിലും നിലക്ക് തിരുത്തപ്പെടുകയോ മാറ്റിമറിക്കപ്പെടുകയോ ചെയ്യുന്നതിൽ നിന്ന് സംരക്ഷിക്കുന്നതാണെന്ന് അല്ലാഹു വാഗ്ദാനം നൽകുകയും ചെയ്തിരിക്കുന്നു.

إِنَّا نَحْنُ نَزَّلْنَا ٱلذِّكْرَ وَإِنَّا لَهُۥ لَحَـٰفِظُونَ ﴿٩﴾

"തീർച്ചയായും നാമാണ് ഈ ഉൽബോധനം (ഖുർആൻ) അവതരിപ്പിച്ചത്. തീർച്ചയായും നാം അതിനെ കാത്തുസൂക്ഷിക്കുന്നതുമാണ്." (ഹിജ്ർ:9)

കാരണം അല്ലാഹുവിൽ നിന്ന് മനുഷ്യരിലേക്കുള്ള വേദഗ്രന്ഥങ്ങളിൽ അവസാനത്തേതാണ് വിശുദ്ധ ഖുർആൻ. അവന്റെ ദൂതരായ മുഹമ്മദ് നബി -ﷺ- യാകട്ടെ, അന്തിമദൂതനും. ഇസ്ലാമാകട്ടെ, അന്ത്യനാൾ വരെയുള്ള മനുഷ്യർക്ക് അല്ലാഹു തൃപ്തിപ്പെട്ടു നൽകിയ ഏകമതവും.

إِنَّ ٱلدِّينَ عِندَ ٱللَّهِ ٱلْإِسْلَـٰمُ

"തീർച്ചയായും അല്ലാഹുവിങ്കൽ മതമെന്നാൽ ഇസ്ലാമാകുന്നു." (ആലു ഇംറാൻ: 19)

വിശുദ്ധ ഖുർആനിൽ അല്ലാഹു പേരെടുത്തു പറഞ്ഞ ഗ്രന്ഥങ്ങൾ താഴെ പറയുന്നവയാണ്:

**വിശുദ്ധ ഖുർആൻ:** അല്ലാഹു അവന്റെ ദൂതനായ മുഹമ്മദ് നബി -ﷺ- ക്ക് മേൽ അവതരിപ്പിച്ച ഗ്രന്ഥമാണത്.

**തൗറാത്ത്:** അല്ലാഹു അവന്റെ ദൂതനായ മൂസാ നബി -عليه السلام- ക്ക് മേൽ അവതരിപ്പിച്ച ഗ്രന്ഥമാണത്.

**ഇഞ്ചീൽ:** അല്ലാഹു അവന്റെ ദൂതനായ ഈസാ നബി -عليه السلام- ക്ക് മേൽ അവതരിപ്പിച്ച ഗ്രന്ഥമാണത്.

**സബൂർ:** അല്ലാഹു അവന്റെ ദൂതനായ ദാവൂദ് നബി -عليه السلام- ക്ക് മേൽ അവതരിപ്പിച്ച ഗ്രന്ഥമാണത്.

**ഇബ്രാഹീമിന് നൽകപ്പെട്ട ഏടുകൾ:** അല്ലാഹുവിന്റെ ദൂതനായ ഇബ്രാഹീം നബി -عليه السلام- ക്ക് മേൽ അവതരിപ്പിക്കപ്പെട്ടതാണത്.

# അല്ലാഹുവിന്റെ ദൂതന്മാരിലുള്ള വിശ്വാസം

അല്ലാഹു പറയുന്നു:

وَلَقَدْ بَعَثْنَا فِى كُلِّ أُمَّةٍ رَّسُولًا أَنِ ٱعْبُدُوا۟ ٱللَّهَ وَٱجْتَنِبُوا۟ ٱلطَّٰغُوتَ ۖ

"(തീർച്ചയായും ഓരോ സമുദായത്തിലും നാം ദൂതനെ നിയോഗിച്ചിട്ടുണ്ട്. നിങ്ങൾ അല്ലാഹുവെ മാത്രം ആരാധിക്കുകയും, അവന് പുറമെ ആരാധിക്കപ്പെടുന്നവയെ വെടിയുകയും ചെയ്യണം. (എന്ന് പ്രബോധനം ചെയ്യുന്നതിനുവേണ്ടി.)" (നഹ്ൽ: 36)

അല്ലാഹുവിനെ മാത്രം ആരാധിക്കുകയും അവനിൽ ഒന്നിനെയും പങ്കുചേർക്കരുതെന്നും, അല്ലാഹുവിന് പുറമെ ആരാധിക്കപ്പെടുന്നവയെ നിഷേധിക്കണമെന്നും ജനങ്ങളെ ഉൽബോധിപ്പിക്കുന്നതിനായി എല്ലാ ജനതയിലേക്കും അല്ലാഹു ദൂതന്മാരെ അയച്ചിട്ടുണ്ടെന്ന് ഓരോ മുസ്ലിമും ഉറച്ചു വിശ്വസിക്കണം.

അല്ലാഹുവിന്റെ ദൂതന്മാരെല്ലാം മനുഷ്യരും അല്ലാഹുവിന്റെ വിനീതദാസന്മാരുമായിരുന്നു. അവർ സത്യസന്ധരും സത്യവാന്മാരെന്ന് അറിയപ്പെട്ടവരും വിശ്വസ്തരും ധർമ്മനിഷ്ഠയുള്ളവരുമായിരുന്നു. സന്മാർഗം സ്വീകരിച്ചവരും അതിലേക്ക് ജനങ്ങളെ നയിക്കുന്നവരുമായിരുന്നു. അവരുടെ സത്യസന്ധത ബോധ്യപ്പെടുത്തുന്ന അത്ഭുതവൃത്തികളാൽ അല്ലാഹു അവർക്ക് പിന്തുണ നൽകിയിട്ടുണ്ട്.

അല്ലാഹു അവരെ എന്തൊന്നുമായായാണോ നിയോഗിച്ചത്, അതെല്ലാം അവർ ജനങ്ങൾക്ക് എത്തിച്ചു നൽകുകയും ചെയ്തിട്ടുണ്ട്. അവരെല്ലാം വ്യക്തമായ സത്യമാർഗവും തെളിഞ്ഞ പാതയും സ്വീകരിച്ചിരുന്നവരുമായിരുന്നു; ഇതെല്ലാം ഓരോ മുസ്ലിമും വിശ്വസിച്ചിരിക്കണം.

# അന്ത്യനാളിലുള്ള വിശ്വാസം

അല്ലാഹു പറയുന്നു:

ٱللَّهُ لَآ إِلَٰهَ إِلَّا هُوَ ۚ لَيَجْمَعَنَّكُمْ إِلَىٰ يَوْمِ ٱلْقِيَٰمَةِ لَا رَيْبَ فِيهِ ۗ وَمَنْ أَصْدَقُ مِنَ ٱللَّهِ حَدِيثًا

"അല്ലാഹു- അവനല്ലാതെ ആരാധനക്കർഹനായി മറ്റാരുമില്ല. ഉയിർത്തെഴുന്നേൽപ്പിന്റെ ദിവസത്തേക്ക് അവൻ നിങ്ങളെയെല്ലാം ഒരുമിച്ചുകൂട്ടുക തന്നെ ചെയ്യും. അതിൽ സംശയമേ ഇല്ല. അല്ലാഹുവെക്കാൾ സത്യസന്ധമായി വിവരം നല്കുന്നവൻ ആരുണ്ട്?" (നിസാഅ്: 87)

അന്ത്യനാളുമായി ബന്ധപ്പെട്ട എല്ലാ കാര്യത്തിലും -അല്ലാഹു അവന്റെ ഗ്രന്ഥത്തിലൂടെയോ നബി -ﷺ- അവിടുത്തെ ഹദീഥുകളിലൂടെയോ അറിയിച്ചതെല്ലാം- ഓരോ മുസ്‌ലിമും വിശ്വസിച്ചിരിക്കണം. മനുഷ്യൻ മരിക്കുന്നതാണെന്നും, അവൻ പുനരുജ്ജീവിപ്പിക്കപ്പെടുന്നതാണെന്നും, ഉയിർത്തെഴുന്നേൽപ്പിക്കപ്പെടുന്നതാണെന്നും, അന്ത്യനാളിൽ ശുപാർശയുണ്ടെന്നും, പ്രവർത്തനങ്ങൾ തൂക്കി നോക്കപ്പെടുന്ന തുലാസുകളുണ്ടെന്നും, വിചാരണയും സ്വർഗനരകങ്ങളുമുണ്ടെന്നും അവൻ വിശ്വസിക്കണം.

# അല്ലാഹുവിന്റെ വിധിനിർണ്ണയത്തിലും, അതിന്റെ നന്മ-തിന്മയിലുമുള്ള വിശ്വാസം

إِنَّا كُلَّ شَيْءٍ خَلَقْنَٰهُ بِقَدَرٍ ﴿٤٩﴾

"തീർച്ചയായും ഏതു വസ്തുവെയും നാം സൃഷ്ടിച്ചിട്ടുള്ളത് ഒരു വ്യവസ്ഥപ്രകാരമാകുന്നു." (ഖമർ: 49)

ഈ ലോകത്ത് സൃഷ്ടികളെ ബാധിക്കുന്ന ഏതൊരു സംഭവവും അല്ലാഹു അറിഞ്ഞു കൊണ്ടും, അവന്റെ നിർണ്ണയപ്രകാരവും അവന്റെ മാത്രം നിയന്ത്രണത്തിലുമാണെന്നും അതിൽ ഒരു പങ്കാളിയുമില്ലെന്നും ഉറച്ചു വിശ്വസിക്കണം.

ഈ വിധിക്കപ്പെട്ട കാര്യങ്ങളെല്ലാം മനുഷ്യന്റെ സൃഷ്ടിപ്പിന് മുൻപ് രേഖപ്പെടുത്തപ്പെട്ടിരിക്കുന്നുവെന്നും അവൻ വിശ്വസിക്കണം. അതോടൊപ്പം മനുഷ്യന് ഉദ്ദേശവും തീരുമാനവും എടുക്കാൻ കഴിയുമെന്നും, അവന്റെ പ്രവർത്തനങ്ങളെല്ലാം അവൻ തന്നെയാണ് ചെയ്യുന്നതെന്നും വിശ്വസിക്കണം. എന്നാൽ ഇതെല്ലാം അല്ലാഹുവിന്റെ അറിവിനും ഉദ്ദേശത്തിനും തീരുമാനത്തിനും കീഴിൽ മാത്രമാണ്.

അല്ലാഹുവിന്റെ വിധിനിർണ്ണയത്തിലുള്ള വിശ്വാസം നിലകൊള്ളുന്നത് നാല് പദവികളിലായാണ്. അവ താഴെ പറയാം:

**ഒന്ന്:** സർവ്വ വിശാലമായ അല്ലാഹുവിന്റെ അറിവിലുള്ള വിശ്വാസം. **രണ്ട്:** അന്ത്യനാൾ വരെ സംഭവിക്കാനിരിക്കുന്നതെല്ലാം അല്ലാഹു രേഖപ്പെടുത്തിയിരിക്കുന്നു എന്ന വിശ്വാസം. **മൂന്ന്:** പൂർണ്ണമായും നടപ്പിലാക്കപ്പെടുന്ന അല്ലാഹുവിന്റെ ഉദ്ദേശത്തിലും, സമ്പൂർണ്ണമായ അവന്റെ ശക്തിയിലുമുള്ള വിശ്വാസം. അല്ലാഹു ഉദ്ദേശിച്ചതെല്ലാം ഉണ്ടാകും. അവൻ ഉദ്ദേശിക്കാത്തതൊന്നും ഉണ്ടാവുകയില്ല. **നാല്:** അല്ലാഹു എല്ലാ വസ്തുക്കളുടെയും സ്രഷ്ടാവാണെന്നും, അവന്റെ സൃഷ്ടിപ്പിൽ അവന് യാതൊരു പങ്കുകാരനുമില്ലെന്നുമുള്ള വിശ്വാസം.

## വുദ്വു

അല്ലാഹു പറയുന്നു:

إِنَّ ٱللَّهَ يُحِبُّ ٱلتَّوَّٰبِينَ وَيُحِبُّ ٱلۡمُتَطَهِّرِينَ ﴿٢٢٢﴾

"തീർച്ചയായും അല്ലാഹു ധാരാളമായി പശ്ചാത്തപിക്കുന്നവരെയും ധാരാളമായി ശുദ്ധീകരിക്കുന്നവരെയും ഇഷ്ടപ്പെടുന്നു." (ബഖറ: 222)

قَالَ -ﷺ-: «تَوَضَّأْ كَمَا تَوَضَّأْتُ»

നബി -ﷺ- പറഞ്ഞു: "ഞാൻ വുദൂഅ് ചെയ്തതു പോലെ നീ വുദൂഅ് ചെയ്യുക."

ഇസ്‌ലാമിലെ ഏറ്റവും മഹത്തരമായ കർമ്മമാണ് നിസ്കാരം. എന്നാൽ നിസ്കാരത്തിലേക്ക് പ്രവേശിക്കുന്നതിന് മുൻപ് ശ്രദ്ധിക്കേണ്ട പല കാര്യങ്ങളുമുണ്ട്; നബി -ﷺ- പഠിപ്പിച്ചു തന്നതു പോലെ ശരീരാവയവങ്ങൾ ശുദ്ധീകരിക്കുക എന്നത് -വുദ്വു ചെയ്യുക എന്നത്- അതിൽ ഏറെ പ്രധാനപ്പെട്ടതാണ്.

നിസ്കാരം നിർവ്വഹിക്കുന്നതിന് മുൻപ് ശുദ്ധി വരുത്തണമെന്നും അത് നിസ്കാരം ശരിയാകാനുള്ള നിബന്ധനയാണെന്നതും നിസ്കാരത്തിന്റെ ഗൗരവം നമ്മെ ബോധ്യപ്പെടുത്തുന്ന കാര്യങ്ങളിലൊന്നാണ്.

നിസ്കാരത്തിന്റെ താക്കോലാണ് ശുദ്ധീകരണം. അതിന്റെ ശ്രേഷ്ഠത മനസ്സിലാക്കുന്നത് നിസ്കാരത്തിനോട് ഹൃദയത്തിൽ ആഗ്രഹം ജനിപ്പിക്കാൻ കാരണമാകും.

قَالَ رَسُولُ اللَّهِ -ﷺ-: «الطُّهُورُ شَطْرُ الْإِيمَانِ ... وَالصَّلَاةُ نُورٌ»

നബി -ﷺ- പറഞ്ഞു: "ശുദ്ധി വരുത്തൽ ഈമാനിന്റെ പകുതിയാണ്... നിസ്കാരം പ്രകാശവുമാണ്."

قَالَ رَسُولُ اللَّــهِ -ﷺ-: «مَنْ تَوَضَّأَ فَأَحْسَنَ الْوُضُوءَ خَرَجَتْ خَطَايَاهُ مِنْ جَسَدِهِ»

നബി -ﷺ- പറഞ്ഞു: "ആരെങ്കിലും വുദ്വു എടുക്കുകയും, തന്റെ വുദ്വു നന്നാക്കുകയും ചെയ്താൽ തിന്മകൾ അവന്റെ ശരീരത്തിൽ നിന്ന് പുറത്തു പോകുന്നതാണ്."

തന്റെ രക്ഷിതാവിന് മുൻപിലേക്ക് ശുദ്ധമായ ശരീരവും മനസ്സുമായാണ് ഒരടിമ നിസ്കാരത്തിനായി നിൽക്കേണ്ടത്. അല്ലാഹുവിന് മാത്രം നിഷ്കളങ്കമായ ഹൃദയവും, നബി -ﷺ-യുടെ മാർഗം പിൻപറ്റിക്കൊണ്ടുമായിരിക്കണം അവൻ നിസ്കരിക്കേണ്ടത്.

## എപ്പോഴെല്ലാം വുദ്വു ചെയ്യണം?

1- എല്ലാ നിസ്കാരങ്ങൾക്കും -ഫർദ്വിനും സുന്നത്തിനും (നിർബന്ധ നിസ്കാരങ്ങൾക്കും ഐച്ഛിക നിസ്കാരങ്ങൾക്കും)- വുദൂഅ് ചെയ്യണം

2- കഅ്ബ ത്വവാഫ് (പ്രദക്ഷിണം) ചെയ്യുന്നതിന്.

3- മുസ്ഹഫ് (ഖുർആൻ) സ്പർശിക്കുന്നതിന്.

ശുദ്ധീകരിക്കാൻ കഴിവുള്ള 'ത്വഹൂറായ' വെള്ളം കൊണ്ടാണ് വുദുവെടുക്കേണ്ടതും കുളിക്കേണ്ടതും.

ആകാശത്ത് നിന്ന് ഭൂമിയിലേക്ക് ഇറങ്ങിയ മഴവെള്ളം, ഭൂമിയിൽ നിന്ന് ഉറവ പൊട്ടുന്ന കിണറ്റിലെയും നദിയിലെയും സമുദ്രത്തിലെയും വെള്ളം പോലുള്ളവ കൊണ്ട് വുദ്വു ചെയ്യാം. വെള്ളത്തിന്റെ അടിസ്ഥാന രൂപത്തിൽ -അതിന്റെ നിറത്തിനോ മണത്തിനോ രുചിക്കോ- മാറ്റം വരാതെ നിലനിൽക്കുന്ന വെള്ളം 'ത്വഹൂറായ' വെള്ളമാണ്. എന്നാൽ ശുദ്ധീകരിക്കാനുള്ള വെള്ളത്തിന്റെ കഴിവ് നഷ്ടപ്പെടുത്തുന്ന രൂപത്തിൽ എന്തെങ്കിലും മാറ്റങ്ങൾ വന്നാൽ അത് ത്വഹൂറായ വെള്ളമല്ല.

## വുദ്വു ചെയ്തു തുടങ്ങാം!

1- മനസ്സിൽ നിയ്യത്ത് വെക്കുക. അല്ലാഹുവിലേക്ക് സാമീപ്യം ആഗ്രഹിച്ചു കൊണ്ട് നിശ്ചിത ആരാധന നിർവ്വഹിക്കാൻ ഹൃദയം കൊണ്ട് ഉറച്ച തീരുമാനമെടുക്കുന്നതിനാണ് നിയ്യത്ത് എന്ന് പറയുന്നത്.

2- രണ്ട് കൈപ്പത്തികളും കഴുകുക.

3- വായിൽ വെള്ളം കയറ്റി കൊപ്ലിക്കുക. വായിലേക്ക് വെള്ളം പ്രവേശിപ്പിച്ച ശേഷം വെള്ളം വായിലിട്ട് കുലുക്കുകയും, ശേഷം പുറത്തേക്ക് കളയുകയും ചെയ്യലാണ് ഇതിന്റെ രൂപം.

4- മൂക്കിൽ വെള്ളം കയറ്റുക. വെള്ളം മൂക്കിന്റെ അറ്റത്തേക്ക് എത്തുന്നതു വരെ വലിച്ചു കയറ്റുകയാണ് വേണ്ടത്. ശേഷം ഈ വെള്ളം ചീറ്റിക്കളയണം. മൂക്കിലുള്ള കഫവും മറ്റുമെല്ലാം ഇങ്ങനെ ചീറ്റിക്കളയുന്നതോടെ പുറത്തു പോകണം.

5- മുഖം കഴുകുക.

മുഖത്തിന്റെ അതിരുകൾ: ഒരാൾ ചുറ്റുമുള്ളവരെ അഭിമുഖീകരിക്കുന്ന ഭാഗമാണ് അവന്റെ മുഖം. രണ്ട് ചെവികൾക്കിടയിലാണ് മുഖത്തിന്റെ വീതി. സാധാരണയായി ഒരാൾക്ക് തലമുടി മുളക്കാറുള്ള ഭാഗം മുതൽ കീഴ്ത്താടിയുടെ അറ്റം വരെയാണ് മുഖത്തിന്റെ നീളം.

മുഖത്തുള്ള ചെറിയ രോമങ്ങളടക്കം കഴുകുക എന്നത് മുഖം കഴുകുന്നതിൽ ഉൾപ്പെടും. അതു പോലെ തന്നെയാണ് ചെവിയുടെയും കൃതാവിന്റെയും ഇടയിലുള്ള സ്ഥലവും. ചെവിയുടെ മുകളിൽ ഉയർന്നു നിൽക്കുന്ന എല്ലിന് മുകൾ മുതൽ ചെവിയുടെ അടിഭാഗം വരെയുള്ള സ്ഥലത്ത് കാണപ്പെടുന്ന രോമമാണ് ഇപ്രകാരം കഴുകേണ്ടത്.

തിങ്ങിയ താടിയുള്ളവർ താടിയുടെ പുറംഭാഗവും, താടിയുടെ താഴേക്കിറങ്ങിയ ഭാഗവും കഴുകേണ്ടതുണ്ട്. ഇതും

മുഖം കഴുകുന്നതിൽ ഉൾപ്പെടും.

6- രണ്ട് കൈകളുടെയും വിരലുകളുടെ അറ്റം മുതൽ മുട്ടുകൾ വരെ കഴുകുക. കൈകൾ കഴുകുമ്പോൾ മുട്ടുകൾ ഉൾപ്പെടെയാണ് കഴുകേണ്ടത്.

7- തല മുഴുവനായി രണ്ട് കൈകളും കൊണ്ട് തടവുക. അതോടൊപ്പം ചെവിയും തടവുക. ഇത് ഒരു തവണ ചെയ്താൽ മതി.

തലയുടെ മുൻഭാഗത്ത് നിന്ന് തുടങ്ങി രണ്ട് കൈകളും തന്റെ പിരടി വരെ കൊണ്ടു പോവുകയും, ശേഷം തുടങ്ങിയേടത്തേക്ക് തിരിച്ചു കൊണ്ടുവരികയുമാണ് വേണ്ടത്.

അതിന് ശേഷം രണ്ട് ചൂണ്ടുവിരലുകളും ചെവികൾക്കുള്ളിലേക്ക് പ്രവേശിപ്പിക്കുക. ഇതേ സമയം തള്ളവിരലുകൾ കൊണ്ട് പുറംചെവി തടവുക. ചെവിയുടെ ഉള്ളും പുറവും ഇ പ്രകാരം തടവേണ്ടതുണ്ട്.

8- രണ്ട് കാലുകളുടെയും വിരലുകളുടെ അറ്റം മുതൽ രണ്ട് നെരിയാണികൾ വരെ കഴുകുക. കാലുകൾ കഴുകുമ്പോൾ മടമ്പുകൾ കൂടി അതിൽ ഉൾപ്പെടണം. കാലിന്റെ വശങ്ങളിലേക്ക് ഉന്തിനിൽക്കുന്ന എല്ലുകളാണ് നെരിയാണി എന്നത് കൊണ്ട് ഉദ്ദേശം.

# വുദ്വു നഷ്ടമാക്കുന്ന കാര്യങ്ങൾ

ഒരാൾ വുദ്വു ചെയ്തതിന് ശേഷം താഴെ പറയുന്ന കാര്യങ്ങൾ സംഭവിച്ചാൽ വുദ്വു നഷ്ടമാകും. പിന്നീട് നിസ്കരിക്കണെമെങ്കിൽ നിർബന്ധമായും വീണ്ടും വുദ്വു ചെയ്യണം.

1- രണ്ട് ഗുഹ്യസ്ഥാനങ്ങളിലൂടെ വല്ലതും പുറത്തു വരിക. മൂത്രം, മലം, കീഴ്ശ്വാസം, ശുക്ലം, മേദസ്സ് പോലുള്ളവ.

2- ബുദ്ധി നഷ്ടപ്പെടൽ. ആഴത്തിലുള്ള ഉറക്കത്തൊലോ, ബോധം മറഞ്ഞതിനാലോ, ലഹരി കഴിച്ചതിനാലോ, ഭ്രാന്ത് ബാധിച്ചതിനാലോ ബുദ്ധി മറഞ്ഞാൽ വുദൂഅ് മുറിയും.

3- കുളി നിർബന്ധമാക്കുന്ന എല്ലാ കാര്യങ്ങളും വുദൂഅ് മുറിക്കും. ജനാബത്ത് (ലൈംഗികബന്ധം) സംഭവിക്കൽ, ആർത്തവരക്തമോ പ്രസവരക്തമോ ഉണ്ടാവുക എന്നിവ ഉദാഹരണങ്ങളാണ്.

ഒരാൾ മലമൂത്ര വിസർജനം നിർവ്വഹിച്ചാൽ ശേഷം ശുദ്ധീകരിക്കാൻ കഴിവുള്ള 'ത്വഹൂറായ' വെള്ളം കൊണ്ട് അയാൾ തന്റെ മേലുള്ള മാലിന്യം ശുദ്ധീകരിക്കണം. വെള്ളം കൊണ്ട് ശുചിയാക്കലാണ് ഏറ്റവും ശ്രേഷ്ഠം. എന്നാൽ മാലിന്യം നീക്കാൻ സാധിക്കുന്ന കല്ലുകളോ ഇലകളോ തുണിയോ മറ്റോ ഉപയോഗപ്പെടുത്തുന്നതും അനുവദനീയമാണ്. മാലിന്യം പൂർണ്ണമായും വൃത്തിയാക്കുന്ന രൂപത്തിൽ, ശുദ്ധിയുള്ളതും അനുവദനീയമായതുമായ വസ്തു കൊണ്ട് മൂന്ന് തവണ തടവൽ നിർബന്ധമാണ്.

# ഖുഫ്ഫ തടവൽ

ഖുഫ്ഫകളോ (ഷൂസുകൾക്ക് സമാനമായ പാദരക്ഷ) കാലുറകളോ ധരിച്ചവർക്ക് അവ ഊരിയതിന് ശേഷം കാൽ കഴുകാതെ അവയുടെ മേൽ തടവാനുള്ള ഇളവുണ്ട്. എന്നാൽ ഇത് ശരിയാകണമെങ്കിൽ ചില നിബന്ധനകളുണ്ട്. അവ താഴെ പറയാം:

1- ചെറിയ അശുദ്ധിയോ വലിയ അശുദ്ധിയോ ശുദ്ധീകരിക്കുന്നതിന് വേണ്ടി പൂർണ്ണമായ ശുദ്ധീകരണം നടത്തിയ ശേഷം -കാലുകളടക്കം കഴുകിയതിന് ശേഷമായിരിക്കണം- കാലുറകൾ ധരിച്ചത്.

2- കാലുറകൾ ശുദ്ധമായിരിക്കണം; അവ തന്നെ മാലിന്യമാകാൻ പാടില്ല.

3- നിശ്ചയിക്കപ്പെട്ട കാലപരിധിക്കുള്ളിലായിരിക്കണം കാലുറകൾക്ക് മേൽ തടവുന്നത്. നാട്ടിൽ താമസിക്കുന്നവർക്ക് ഒരു പകലും രാത്രിയും (24 മണിക്കൂർ) ഖുഫ്ഫയുടെ മേൽ തടവാം. യാത്രക്കാർക്ക് മൂന്നു പകലും മൂന്ന് രാത്രിയും (72 മണിക്കൂർ) ഈ നിയമം സ്വീകരിക്കാം.

ഖുഫ്ഫയിൽ തടവുന്നതിന്റെ കാലപരിധി ആരംഭിക്കുക അശുദ്ധി സംഭവിച്ചതിന് ശേഷം ആദ്യമായി ഖുഫ്ഫയിലോ കാലുറയിലോ തടവിയത് മുതലാണ്.

4- അനുവദിക്കപ്പെട്ട കാലുറകളായിരിക്കണം ധരിച്ചിരിക്കുന്നത്. മോഷ്ടിച്ചതോ തട്ടിപ്പറിച്ചതോ ആകാൻ പാടില്ല.

**ഖുഫ്ഫയുടെ മേൽ തടവുന്നതിന് പിന്നിലുള്ള യുക്തി:**

മുസ്‌ലിംകൾക്ക് ഇളവും എളുപ്പവും നൽകുക എന്നതാണ് ഈ വിധിയുടെ പിന്നിലെ ഉദ്ദേശം. ഖുഫ്ഫയും കാലുറയും ഊരിയ ശേഷം കാൽ കഴുകുക എന്നത് പ്രയാസകരമാണ്. പ്രത്യേകിച്ചും കടുത്ത ശൈത്യകാലങ്ങളിലും, യാത്രാവേളകളിലും.

**ഖുഫ്ഫയുടെ മേൽ തടവുന്നതിന്റെ രൂപം:**

1- രണ്ടു കൈകളും നനക്കുക.

2- കാലിന്റെ മുകൾ ഭാഗത്തു കൂടെ കൈകൾ കൊണ്ട് ത ടവുക (വിരലുകളുടെ അറ്റം മുതൽ കണങ്കാലിന്റെ തുടക്കം വരെ ഇപ്രകാരം തടവണം).

3- വലതു കാൽ വലതു കൈ കൊണ്ടും, ഇടതു കാൽ ഇട തു കൈ കൊണ്ടുമാണ് തടവേണ്ടത്.

**ഖുഫ്ഫ തടവുന്നത് നിഷ്ഫലമാക്കുന്ന അവസ്ഥകൾ:**

1- കുളി നിർബന്ധമാകുന്ന എന്തെങ്കിലും സംഭവിച്ചാൽ.

2- ഖുഫ്ഫയുടെ മേൽ തടവാനുള്ള കാലപരിധി അവസാ നിച്ചാൽ.

# ജനാബത്തിന്റെ കുളി

പുരുഷനോ സ്ത്രീയോ (ലൈംഗികാവയവങ്ങൾ പരസ്പരം പ്രവേശിക്കുന്ന വിധത്തിൽ) ലൈംഗികബന്ധത്തിൽ ഏർപ്പെടുകയോ, അവരിൽ നിന്ന് ആസ്വാദനത്തോടെ -ഉണർച്ചയിലോ ഉറക്കത്തിലോ- ശുക്ലം സ്ഖലിക്കുകയോ ചെയ്താൽ അവർ ജനാബത്തിന്റെ കുളി നിർവ്വഹിക്കുക എന്നത് നിർബന്ധമാണ്. പിന്നീട് നിസ്കരിക്കണമെങ്കിലും, ശുദ്ധി ആവശ്യമായ എന്തെങ്കിലും കാര്യം ചെയ്യണമെങ്കിലും അയാൾ ജനാബത്തിന്റെ കുളി നിർവ്വഹിക്കണം.

ഇതു പോലെ, സ്ത്രീകൾ ആർത്തവരക്തമോ പ്രസവരക്തമോ വരുന്നത് അവസാനിച്ച് ശുദ്ധിയായാൽ അവരും -നിസ്കാരം നിർവ്വഹിക്കുന്നതിനോ ശുദ്ധി നിർബന്ധമായ കാര്യത്തിനോ വേണ്ടി- നിർബന്ധമായും കുളിക്കണം.

**ജനാബത്തിന്റെ കുളിയുടെ രൂപം:**

തന്റെ ശരീരം മുഴുവൻ വെള്ളം കൊണ്ട് -ഏതു രൂപത്തിലാണെങ്കിലും- നനക്കുക എന്നതാണ് കുളിയുടെ രൂപം. വായിൽ വെള്ളം കൊപ്ലിക്കുകയും, മൂക്കിൽ വെള്ളം കയറ്റുകയും ചെയ്യുന്നത് കുളിയുടെ ഭാഗമാണ്. ചുരുക്കത്തിൽ ഒരാൾ തന്റെ ശരീരം മുഴുവൻ വെള്ളമാക്കിയാൽ അവന്റെ വലിയ അശുദ്ധി നീങ്ങുകയും, അവന്റെ ശുദ്ധീകരണം പൂർത്തിയാവുകയും ചെയ്തിരിക്കുന്നു.

കുളിക്കുന്നത് വരെ താഴെ പറയുന്ന കാര്യങ്ങൾ ജനാബത്തുകാരൻ ചെയ്യാൻ പാടില്ല.

1- നിസ്കാരം. 2- കഅ്ബ ത്വവാഫ് ചെയ്യൽ. 3- മസ്ജിദിൽ സമയം ചെലവഴിക്കൽ; മസ്ജിദിലൂടെ -അധികസമയം ചെലവഴിക്കാതെ- നടന്നു പോവുക എന്നത് അവന് അനുവദനീയമാണ്. 4- മുസ്ഹഫ് സ്പർശിക്കൽ. 5- ഖുർആൻ പാരായണം.

# തയമ്മും

ശുദ്ധീകരിക്കാനുള്ള വെള്ളം ലഭിച്ചില്ലെങ്കിലും, രോഗമോ മറ്റോ കാരണത്താൽ വെള്ളം ഉപയോഗിക്കാൻ സാധിച്ചില്ലെങ്കിലും -നിസ്കാരത്തിന്റെ സമയം അവസാനിക്കുമെന്ന് ഭയന്നാൽ- അവന് മണ്ണു കൊണ്ട് തയമ്മും ചെയ്യാം.

**തയമ്മുമിന്റെ രൂപം:**

രണ്ട് കൈകളും ഒരു തവണ ഭൂപ്രതലത്തിൽ അടിക്കുകയും, ശേഷം അവ കൊണ്ട് മുഖവും കൈപ്പത്തികളും മാത്രമായി തടവുകയും ചെയ്യുക. തയമ്മുമിനായി ഉപയോഗിക്കുന്ന മണ്ണ് ശുദ്ധിയുള്ളതായിരിക്കണം എന്ന നിബന്ധന ശ്രദ്ധിക്കണം.

**തയമ്മും നിഷ്ഫലമാക്കുന്ന കാര്യങ്ങൾ:**

1- വുദു മുറിക്കുന്ന എല്ലാ കാര്യങ്ങളും തയമ്മുമിനെയും നിഷ്ഫലമാക്കും.

2- തയമ്മും ചെയ്തു കൊണ്ട് നിസ്കാരത്തിലേക്ക് പ്രവേശിക്കുന്നതിന് മുൻപ് വെള്ളം ലഭിച്ചാൽ.

# നിസ്കാരം

രാവിലെയും രാത്രിയിലുമായി അഞ്ചു നേരത്തെ നിസ്കാരങ്ങൾ ഓരോ മുസ്‌ലിമിന്റെയും മേൽ അല്ലാഹു നിർബന്ധമാക്കിയിട്ടുണ്ട്. ഫജ്ർ (സുബ്ഹ്), ദുഹ്ർ, അസ്ർ, മഗ്‌രിബ്, ഇശാഅ്; ഇവയാണവ.

## നിസ്കാരത്തിനായി ഒരുങ്ങാം!

നിസ്കാരത്തിനുള്ള സമയമായാൽ ചെറിയ അശുദ്ധിയിൽ നിന്നും -വലിയ അശുദ്ധിയുണ്ടെങ്കിൽ- അതിൽ നിന്നും ശുദ്ധി വരുത്തണം.

വലിയ അശുദ്ധിയെന്നാൽ ജനാബത്ത് കുളി നിർബന്ധമാക്കുന്ന കാര്യങ്ങളാണ്. ചെറിയ അശുദ്ധിയെന്നാൽ വുദൂഅ് നിർബന്ധമാക്കുന്ന കാര്യങ്ങളും.

ശുദ്ധിയുള്ള വസ്ത്രങ്ങൾ ധരിച്ച്, മാലിന്യങ്ങളൊന്നുമില്ലാത്ത ഒരു സ്ഥലത്ത്, മറച്ചു വെക്കേണ്ട ശരീരഭാഗങ്ങൾ മറച്ചു കൊണ്ടാണ് നിസ്കരിക്കേണ്ടത്.

നിസ്കാരത്തിന്റെ സന്ദർഭത്തിൽ അതിന് അനുയോജ്യമായ -ഭംഗിയുള്ള- വസ്ത്രം ധരിക്കണം. തന്റെ ശരീരം മറക്കേണ്ടത് അതു കൊണ്ടായിരിക്കണം. പുരുഷനെ സംബന്ധിച്ചിടത്തോളം നിസ്കാരവേളയിൽ തന്റെ പൊക്കിളിനും കാൽ മുട്ടിനുമിടയിലുള്ള ഭാഗം പുറത്തേക്ക് കാണിക്കാൻ പാടില്ല. സ്ത്രീകളാകട്ടെ, നിസ്കാരവേളയിൽ അവരുടെ മുഖവും മുൻകൈകളും ഒഴികെയുള്ള എല്ലാ ശരീരഭാഗവും മറച്ചിരിക്കണമെന്നത് നിർബന്ധമാണ്.

നിസ്കാരത്തിൽ പറയേണ്ട വാക്കുകളല്ലാതെ മറ്റൊരു സംസാരവും നിസ്കാരവേളയിൽ സംസാരിക്കാൻ പാടില്ല. ഇമാമിന്റെ (നിസ്കാരത്തിന് നേതൃത്വം കൊടുക്കുന്ന വ്യക്തിയുടെ) വാക്കുകൾ അവൻ ശ്രദ്ധയോടെ കേൾക്കണം. നിസ്കാര

ത്തിൽ അവിടെയുമിവിടെയും തിരിഞ്ഞു നോക്കരുത്.

നിസ്കാരത്തിൽ പറയേണ്ട വാക്കുകൾ മനപാഠമാക്കാൻ കഴിഞ്ഞിലെങ്കിൽ അല്ലാഹുവിനെ സ്മരിച്ചു കൊണ്ടും അവന് തസ്ബീഹ് ചൊല്ലിക്കൊണ്ടും (സുബ്ഹാനല്ലാഹ് എന്ന് പറഞ്ഞു കൊണ്ട്) നിസ്കാരം അവസാനിക്കുന്നത് വരെ അവൻ നിലയുറപ്പിക്കണം. എന്നാൽ നിസ്കാരത്തിൽ പറയേണ്ട വാക്കുകൾ പെട്ടെന്നു തന്നെ പഠിച്ചെടുക്കാൻ വളരെയധികം ശ്രമിക്കേണ്ടതുണ്ട്.

## നിസ്കരിച്ചു തുടങ്ങാം!

**1-** ഏത് നിസ്കാരമാണോ നിർവ്വഹിക്കാൻ ഉദ്ദേശിക്കുന്നത്, അത് നിർവ്വഹിക്കാൻ പോകുന്നു എന്ന നിയ്യത്ത് വെക്കുക. നിയ്യത്തിന്റെ സ്ഥാനം ഹൃദയമാണ്.

വുദൂഅ് എടുത്തതിന് ശേഷം ഖിബ്ലക്ക് നേരെ തിരിയുക; നിൽക്കാൻ കഴിയുമെങ്കിൽ നിന്നു കൊണ്ടാണ് നിസ്കരിക്കേണ്ടത്. നിൽക്കാൻ സാധിക്കില്ലെങ്കിൽ ഇരുന്നു കൊണ്ടും, ഇരുന്നു കൊണ്ടും സാധിക്കില്ലെങ്കിൽ കിടന്നു കൊണ്ടും നിസ്കരിക്കണം. ഏതു സാഹചര്യത്തിലായാലും നിസ്കാരം ഉപേക്ഷിക്കാൻ പാടില്ല.

**2-** രണ്ട് കൈകളും തോളിന് നേരെയാകുന്ന വിധം ഉയർത്തിക്കൊണ്ട് പറയുക: 'അല്ലാഹു അക്ബർ' (അല്ലാഹുവാകുന്നു ഏറ്റവും വലിയവൻ). നിസ്കാരത്തിലേക്ക് പ്രവേശിക്കുന്നു എന്ന നിയ്യത്ത് അവനുണ്ടായിരിക്കണം.

**3-** നബി -ﷺ- പഠിപ്പിച്ചു നൽകിയ പ്രാരംഭപ്രാർത്ഥനകളിൽ ഏതെങ്കിലുമൊന്ന് ചൊല്ലുക. അതിൽ പെട്ട ഒരു പ്രാർത്ഥന ഇപ്രകാരമാണ്:

«سُبْحَانَكَ اللَّهُمَّ وَبِحَمْدِكَ وَتَبَارَكَ اسْمُكَ،

وَتَعَالَى جَدُّكَ، وَلَا إِلَهَ غَيْرَكَ»

(ചൊല്ലേണ്ട രൂപം: സുബ്ഹാനകല്ലാഹുമ്മ വബി ഹംദിക, വ തബാറകസ്മുക, വതആലാ ജദ്ദുക, വലാ ഇലാഹ ഗയ്റുക.)

(സാരം) "അല്ലാഹുവെ! നീയെത്ര പരിശുദ്ധൻ! നിന്നെ ഞാൻ സ്തുതിക്കുന്നു. നിന്റെ നാമം എല്ലാ നന്മകളും നിറഞ്ഞതാകുന്നു. നിന്റെ മഹത്വം ഉന്നതമാകുന്നു. നീയല്ലാതെ ആരാധനക്കർഹനായി മറ്റാരുമില്ല."

**4-** ആട്ടിയോടിക്കപ്പെട്ട പിശാചിൽ നിന്ന് അല്ലാഹുവിനോട് രക്ഷ ചോദിക്കുക. അതിനായി ഇപ്രകാരം പറയുക:

«أَعُوذُ بِاللَّـهِ مِنَ الشَّيْطَانِ الرَّجِيمِ»

(ചൊല്ലേണ്ട രൂപം: അഊദു ബില്ലാഹി മിനശ്ശയ്ത്വാനി റജീം.)

(സാരം) "ആട്ടിയോടിക്കപ്പെട്ട പിശാചിൽ നിന്നും അല്ലാഹുവിനോട് ഞാൻ ശരണം തേടുന്നു."

**5-** എല്ലാ റക്അത്തുകളിലും സൂറത്തുൽ ഫാതിഹഃ പാരായണം ചെയ്യുക. ഇപ്രകാരമാണ് ഫാതിഹഃ ചൊല്ലേണ്ടത്.

بِسۡمِ ٱللَّهِ ٱلرَّحۡمَٰنِ ٱلرَّحِيمِ ١ ٱلۡحَمۡدُ لِلَّهِ رَبِّ ٱلۡعَٰلَمِينَ ٢
ٱلرَّحۡمَٰنِ ٱلرَّحِيمِ ٣ مَٰلِكِ يَوۡمِ ٱلدِّينِ ٤ إِيَّاكَ نَعۡبُدُ وَإِيَّاكَ نَسۡتَعِينُ ٥
ٱهۡدِنَا ٱلصِّرَٰطَ ٱلۡمُسۡتَقِيمَ ٦ صِرَٰطَ ٱلَّذِينَ أَنۡعَمۡتَ عَلَيۡهِمۡ غَيۡرِ
ٱلۡمَغۡضُوبِ عَلَيۡهِمۡ وَلَا ٱلضَّآلِّينَ ٧

(ചൊല്ലേണ്ട രൂപം: ബിസ്മില്ലാഹി റഹ്മാനിർ-റഹീം. അൽഹംദു ലില്ലാഹി റബ്ബിൽ ആലമീൻ. അർ-റഹ്മാനിർ-റഹീം. മാലികി യൗമിദ്ദീൻ. ഇയ്യാക നഅ്ബുദു വ ഇയ്യാക നസ്തഈൻ. ഇഹ്ദിനസ്സ്വിറാത്വൽ മുസ്തഖീം. സ്വിറാത്വല്ലദീന അൻഅംത അലയ്ഹിം. ഗ്വയ്രിൽ മഗ്ദൂബി അലയ്ഹിം, വലദ്ദ്വാല്ലീൻ. ആമീൻ)

(സാരം) പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ. സർവ്വ സ്തുതികളും സർവ്വലോക പരിപാലകനായ അല്ലാഹുവിനാകുന്നു. പരമകാരുണികനും കരുണാനിധിയുമായ (അല്ലാഹുവിന്). പ്രതിഫല ദിവസത്തിന്റെ ഉടമസ്ഥൻ. നിന്നെ മാത്രം ഞങ്ങൾ ആരാധിക്കുന്നു. നിന്നോട് മാത്രം ഞങ്ങൾ സഹായം തേടുന്നു. ഞങ്ങളെ നീ നേരായ മാർഗത്തിൽ (ഇസ്‌ലാമിൽ) ചേർക്കേണമേ. നീ അനുഗ്രഹിച്ചവരുടെ മാർഗത്തിൽ. കോപത്തിന്ന് ഇരയായവരുടെ മാർഗത്തിലല്ല. പിഴച്ചുപോയവരുടെ മാർഗത്തിലുമല്ല.

ഫാതിഹഃക്ക് ശേഷം ഖുർആനിൽ നിന്ന് നിനക്ക് കഴിയുന്നത് പാരായണം ചെയ്യുക; എല്ലാ നിസ്കാരത്തിലെയും ആദ്യത്തെയും രണ്ടാമത്തെയും റക്അത്തുകളിലേ ഇപ്രകാരം ചെയ്യേണ്ടതുള്ളൂ. ഇങ്ങനെ ചെയ്യുക എന്നത് നിർബന്ധമല്ല എങ്കിലും അതിൽ മഹത്തരമായ പ്രതിഫലമുണ്ട്.

**6-** 'അല്ലാഹു അക്ബർ' എന്ന് പറഞ്ഞു കൊണ്ട് റുകൂഇലേക്ക് പോവുക. റുകൂഇൽ നിൽക്കുമ്പോൾ മുതുക് നേരെയാക്കുകയും, രണ്ട് കൈകളും കാൽമുട്ടുകൾക്ക് മേൽ വെക്കുകയും വേണം. കയ്യിലെ വിരലുകൾ പരത്തി കൊണ്ടാണ് കാൽമുട്ടിൽ വെക്കേണ്ടത്.

റുകൂഇൽ 'സുബ്ഹാന റബ്ബിയൽ അദീം' (സാരം: അതീവ മഹത്വമുള്ളവനായ എന്റെ രക്ഷിതാവാവിന്റെ പരിശുദ്ധിയെ ഞാൻ വാഴ്ത്തുന്നു) എന്ന് പറയുക.

**7-** റുകൂഇൽ നിന്ന് 'സമിഅല്ലാഹു ലിമൻ ഹമിദ' (സാരം: അല്ലാഹുവിനെ സ്തുതിച്ചവനെ അവൻ കേട്ടിരിക്കുന്നു) എന്ന് പറഞ്ഞു കൊണ്ട് ഉയരുക. റുകൂഇൽ നിന്ന് വരുമ്പോൾ കൈകൾ തോളുകൾക്ക് നേരെ വരുന്ന രൂപത്തിൽ ഉയർത്തുകയും വേണം.

ശരീരം നേരെ നിന്നു കഴിഞ്ഞാൽ ഇപ്രകാരം പറയുക: 'റബ്ബനാ വലകൽ ഹംദ്' (ഞങ്ങളുടെ രക്ഷിതാവേ! സർവ്വ സ്തുതികളും നിനക്ക് മാത്രം).

**8-** 'അല്ലാഹു അക്ബർ' എന്നു പറഞ്ഞു കൊണ്ട് സുജൂദ് (സാഷ്ടാംഗം) ചെയ്യുക. രണ്ട് കൈകൾ, രണ്ട് കാൽ മുട്ടുകൾ, രണ്ട് കാല്പാദങ്ങൾ, നെറ്റിയും മൂക്കും; എന്നിവ നിലത്ത് സ്പർ ശിക്കുന്ന രൂപത്തിലാണ് സുജൂദ് ചെയ്യേണ്ടത്.

സുജൂദിൽ 'സുബ്ഹാന റബ്ബിയൽ അഅ്‌ലാ' (അത്യുന്നത നായ എന്റെ രക്ഷിതാവിന്റെ പരിശുദ്ധിയെ ഞാൻ വാഴ്ത്തു ന്നു) എന്ന് പറയുക.

**9-** 'അല്ലാഹു അക്ബർ' എന്നു പറഞ്ഞു കൊണ്ട് സുജൂ ദിൽ നിന്ന് ഉയരുക. പുറം നേരെയാക്കി, ഇടതു കാലിന് മുക ളിൽ ഇരിക്കുകയും, വലതു കാൽ നാട്ടി വെക്കുകയും ചെയ്യു ക. ഈ ഇരുത്തത്തിൽ 'റബ്ബിഗ്ഫിർലീ' (സാരം: എന്റെ ര ക്ഷി താവേ! എനിക്ക് പൊറുത്തു നൽകേണമേ!) എന്നാണ് പറ യേണ്ടത്.

**10-** ഒന്നാമത്തെ തവണ സുജൂദ് ചെയ്തതു പോലെ 'അ ല്ലാഹു അക്ബർ' എന്നു പറഞ്ഞു കൊണ്ട് ഒരിക്കൽ കൂടി സു ജൂദ് ചെയ്യുക.

**11-** 'അല്ലാഹു അക്ബർ' എന്നു പറഞ്ഞു കൊണ്ട് സുജൂ ദിൽ നിന്ന് ഉയരുക. ശേഷം എഴുന്നേറ്റു നിൽക്കുകയും, ഒന്നാ മത്തെ റക്അത്തിൽ ചെയ്തതു പോലെ ബാക്കിയുള്ള റക്അ ത്തുകളിലും ചെയ്യുക.

ദ്വുഹ്ർ, അസ്ർ, മഗ്രിബ്, ഇശാഅ് എന്നീ നിസ്കാരങ്ങളി ൽ രണ്ടാമത്തെ റക്അത്ത് കഴിഞ്ഞതിന് ശേഷം 'തശഹ്ഹുദ്' ചൊല്ലുന്നതിനായി ഇരിക്കണം. തശഹ്ഹുദിൽ പറയേണ്ടത് ഇപ്രകാരമാണ്:

«التَّحِيَّاتُ لِلَّـهِ وَالصَّلَوَاتُ وَالطَّيِّبَاتُ، السَّلاَمُ عَلَيْكَ أَيُّهَا النَّبِيُّ
وَرَحْمَةُ اللَّـهِ وَبَرَكَاتُهُ، السَّلاَمُ عَلَيْنَا وَعَلَى عِبَادِ اللَّـهِ الصَّالِحِينَ،
أَشْهَدُ أَنْ لاَ إِلَهَ إِلَّا اللَّـهُ وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهُ وَرَسُولُهُ»

(ചൊല്ലേണ്ട രൂപം: അത്തഹിയാതു ലില്ലാഹി വസ്വലവാതു

ത്ത്വയിബാതു, അസ്സലാമു അലൈക അയ്യുഹന്നബിയ്യു, വ റ ഹ്മതുല്ലാഹി വ ബറകാതുഹു, അസ്സലാമു അലൈനാ വ അലാ ഇബാദില്ലാഹി സ്വാലിഹീന, അശ്ഹദു അല്ലാ ഇലാഹ ഇല്ലല്ലാ ഹു, വ അശ്ഹദു അന്ന മുഹമ്മദൻ അബ്ദുഹു വ റസൂലുഹു.)

(സാരം) "സർവ്വ അഭിവാദനങ്ങളും ആരാധനാകർമ്മങ്ങ ളും സൽകർമ്മങ്ങളും അല്ലാഹുവിന് മാത്രമാകുന്നു. അല്ലാഹു വിന്റെ രക്ഷയും കാരുണ്യവും അനുഗ്രഹങ്ങളും -നബിയേ- താങ്കൾക്ക് മേലെയുണ്ടാകട്ടെ! നമ്മുടെ മേലും, അല്ലാഹുവി ന്റെ സച്ചരിതരായ അടിമകളുടെ മേലും അല്ലാഹുവിന്റെ രക്ഷ യുണ്ടാകട്ടെ! അല്ലാഹുവല്ലാതെ ആരാധനക്ക് അർഹനായി മറ്റാരുമില്ലെന്നും, മുഹമ്മദ് നബി -ﷺ- അല്ലാഹുവിന്റെ അടിമ യും ദൂതനുമാണെന്നും ഞാൻ സാക്ഷ്യം വഹിക്കുന്നു."

ശേഷം മൂന്നാമത്തെ റക്അത്തിനായി എഴുന്നേൽക്കുക.

എല്ലാ നിസ്കാരങ്ങളിലെയും അവസാനത്തെ റക്അ ത്തിൽ അവസാന തശ്ഹ്ഹുദിനായി ഇരിക്കണം. അതിൽ പ റയേണ്ടത് ഇപ്രകാരമാണ്:

«التَّحِيَّاتُ لِلَّـهِ وَالصَّلَوَاتُ وَالطَّيِّبَاتُ، السَّلاَمُ عَلَيْكَ أَيُّهَا النَّبِيُّ وَرَحْمَةُ اللَّـهِ وَبَرَكَاتُهُ، السَّلاَمُ عَلَيْنَا وَعَلَى عِبَادِ اللَّـهِ الصَّالِحِينَ، أَشْهَدُ أَنْ لاَ إِلَهَ إِلَّا اللَّـهُ وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهُ وَرَسُولُهُ»

(ചൊല്ലേണ്ട രൂപം: അത്തഹിയാതു ലില്ലാഹി വസ്വലവാതു ത്ത്വയിബാതു, അസ്സലാമു അലൈക അയ്യുഹന്നബിയ്യു, വ റ ഹ്മതുല്ലാഹി വ ബറകാതുഹു, അസ്സലാമു അലൈനാ വ അലാ ഇബാദില്ലാഹി സ്വാലിഹീന, അശ്ഹദു അല്ലാ ഇലാഹ ഇല്ലല്ലാ ഹു, വ അശ്ഹദു അന്ന മുഹമ്മദൻ അബ്ദുഹു വ റസൂലുഹു.)

(സാരം) "സർവ്വ അഭിവാദനങ്ങളും ആരാധനാകർമ്മങ്ങ ളും സൽകർമ്മങ്ങളും അല്ലാഹുവിന് മാത്രമാകുന്നു. അല്ലാഹു വിന്റെ രക്ഷയും കാരുണ്യവും അനുഗ്രഹങ്ങളും -നബിയേ- താങ്കൾക്ക് മേലെയുണ്ടാകട്ടെ! നമ്മുടെ മേലും, അല്ലാഹുവി ന്റെ സച്ചരിതരായ അടിമകളുടെ മേലും അല്ലാഹുവിന്റെ രക്ഷ

യുണ്ടാകട്ടെ!

അല്ലാഹുവല്ലാതെ ആരാധനക്ക് അർഹനായി മറ്റാരുമി ല്ലെന്നും, മുഹമ്മദ് നബി -ﷺ- അല്ലാഹുവിന്റെ അടിമയും അവ ന്റെ ദൂതനുമാണെന്നും ഞാൻ സാക്ഷ്യം വഹിക്കുന്നു."

«اللَّهُمَّ صَلِّ عَلَى مُحَمَّدٍ وَعَلَى آلِ مُحَمَّدٍ، كَمَا صَلَّيْتَ عَلَى إِبْرَاهِيمَ، وَعَلَى آلِ إِبْرَاهِيمَ، إِنَّكَ حَمِيدٌ مَجِيدٌ، اللَّهُمَّ بَارِكْ عَلَى مُحَمَّدٍ وَعَلَى آلِ مُحَمَّدٍ، كَمَا بَارَكْتَ عَلَى إِبْرَاهِيمَ، وَعَلَى آلِ إِبْرَاهِيمَ إِنَّكَ حَمِيدٌ مَجِيدٌ»

(ചൊല്ലേണ്ട രൂപം: അല്ലാഹുമ്മ സ്വല്ലി അലാ മുഹമ്മദിൻ, വ അലാ ആലി മുഹമ്മദിൻ, കമാ സ്വല്ലയ്ത അലാ ഇബ്റാഹീ മ, വ അലാ ആലി ഇബ്രാഹീം, ഇന്നക ഹമീദുമ്മജീദ്. അല്ലാ ഹുമ്മ ബാരിക് അലാ മുഹമ്മദിൻ വ അലാ ആലി മുഹമ്മദിൻ കമാ ബാറക്ത അല്ലാ ഇബ്രാഹീമ വ അലാ ആലി ഇബ്രാഹീ മ, ഇന്നക ഹമീദുമ്മജീദ്.)

(സാരം) "അല്ലാഹുവേ! ഇബ്രാഹീം നബിയുടെയും അദ്ദേഹ ത്തിന്റെ കുടുംബത്തിനും മേൽ നീ സ്വലാത്ത് വർഷിച്ചതു (അ ല്ലാഹുവിന്റെ ഉന്നതമായ സദസ്സിൽ അവൻ നബിയെ സ്മരിക്ക ലാണ് അല്ലാഹുവിന്റെ സ്വലാത്ത് എന്നത് കൊണ്ടുള്ള ഉദ്ദേശം) പോലെ, മുഹമ്മദ് നബിയുടെ മേലും അവിടുത്തെ കുടുംബ ത്തിന് മേലും നീ സ്വലാത്ത് വർഷിക്കേണമേ. തീർച്ചയായും നീ അങ്ങേയറ്റം സ്തുത്യർഹനും അതീവ മഹത്വമുള്ളവനുമാകുന്നു.

അല്ലാഹുവേ! ഇബ്രാഹീം നബിയുടെയും അദ്ദേഹത്തിന്റെ കുടുംബത്തിനും മേൽ നീ അനുഗ്രഹം ചൊരിഞ്ഞതു പോലെ, മുഹമ്മദ് നബിയുടെ മേലും അവിടുത്തെ കുടുംബത്തിന് മേ ലും നീ അനുഗ്രഹം ചൊരിയേണമേ! തീർച്ചയായും നീ അങ്ങേ യറ്റം സ്തുത്യർഹനും അതീവ മഹത്വമുള്ളവനുമാകുന്നു."

**12-** അതിന് ശേഷം വലതു ഭാഗത്തേക്ക് മുഖം തിരിച്ചു കൊണ്ട് സലാം പറയുക.

'അസ്സലാമു അലൈകും വ റഹ്മതുല്ലാഹ്' (നിങ്ങൾക്ക് മേൽ

അല്ലാഹുവിന്റെ രക്ഷയും കാരുണ്യവും ഉണ്ടാകട്ടെ) എന്നാണ് പറയേണ്ടത്. ശേഷം ഇടതു ഭാഗത്തേക്ക് തിരിഞ്ഞു കൊണ്ടും 'അസ്സലാമു അലൈകും വ റഹ്മതുല്ലാഹ്' എന്ന് പറയുക.

നിസ്കാരത്തിൽ നിന്ന് പുറത്തു കടക്കുന്നതായി ഇതോടെ മനസ്സിൽ കരുതാം. ഇത്രയും ചെയ്താൽ നീ നിസ്കാരം നിർവ്വഹിച്ചു കഴിഞ്ഞു.

# മുസ്‌ലിം സ്ത്രീയുടെ ഹിജാബ്

അല്ലാഹു പറയുന്നു:

يَـٰٓأَيُّهَا ٱلنَّبِىُّ قُل لِّأَزْوَٰجِكَ وَبَنَاتِكَ وَنِسَآءِ ٱلْمُؤْمِنِينَ يُدْنِينَ عَلَيْهِنَّ مِن جَلَـٰبِيبِهِنَّ ۚ ذَٰلِكَ أَدْنَىٰٓ أَن يُعْرَفْنَ فَلَا يُؤْذَيْنَ ۗ وَكَانَ ٱللَّهُ غَفُورًا رَّحِيمًا ﴿٥٩﴾

"നബിയേ, താങ്കളുടെ പത്നിമാരോടും പുത്രിമാരോടും സത്യവിശ്വാസികളുടെ സ്ത്രീകളോടും അവർ തങ്ങളുടെ മൂടുപടങ്ങൾ തങ്ങളുടെമേൽ താഴ്ത്തിയിടാൻ പറയുക: അവർ തിരിച്ചറിയപ്പെടുവാനും, അങ്ങനെ അവർ ശല്യം ചെയ്യപ്പെടാതിരിക്കുവാനും അതാണ് ഏറ്റവും അനുയോജ്യമായത്. അല്ലാഹു ഏറെ പൊറുക്കുന്നവനും ധാരാളമായി കരുണ ചെയ്യുന്നവനുമാകുന്നു." (അഹ്സാബ്: 59)

അന്യപുരുഷന്മാരിൽ നിന്ന് തന്റെ ഔറത്ത് (മറക്കേണ്ട ഭാഗം) വെളിവാക്കാത്തതും, ശരീരം മുഴുവനും മറക്കുന്നതുമായ വസ്ത്രം (ഹിജാബ്) ധരിക്കണമെന്നത് അല്ലാഹു ഓരോ മുസ്‌ലിം സ്ത്രീയുടെ മേലും നിർബന്ധമാക്കിയിരിക്കുന്നു. (ഇ പ്രകാരം ശരീരം മറക്കുന്ന,) ഓരോരുത്തരുടെയും നാട്ടിൽ പൊതുവെ ധരിക്കുന്ന വസ്ത്രമാണ് അവൾ ധരിക്കേണ്ടത്.

തന്റെ ഭർത്താവിന് മുൻപിലും, 'മഹ്റമുകൾക്ക്' മുൻപിലുമല്ലാതെ അവൾ തന്റെ ഹിജാബ് ഊരിവെക്കാൻ പാടില്ല. 'മഹ്റമുകൾ' എന്നത് കൊണ്ട് ഉദ്ദേശിക്കുന്നത് അവൾക്ക് ഒരിക്കലും വിവാഹം കഴിക്കാൻ അനുവാദമില്ലാത്തവരാണ്.

ഇനി പറയുന്നവരാണ് മഹ്റമുകളിൽ പെടുക:

1. പിതാവും അദ്ദേഹത്തിന്റെ പ്രപിതാക്കളും.
2. മകനും -അവന്റെ മക്കളും പേരമക്കളും-.

3. പിതൃസഹോദരന്മാർ.

4. മാതൃസഹോദരന്മാർ.

5. സ്വന്തം സഹോദരങ്ങൾ.

6. സഹോദരപുത്രന്മാർ.

7. സഹോദരീപുത്രന്മാർ.

8. മാതാവിന് മറ്റു വിവാഹത്തിലുള്ള ഭർത്താക്കന്മാർ.

9. ഭർത്താവിന്റെ പിതാവും -അദ്ദേഹത്തിന്റെ പ്രപിതാക്കളും-.

10. ഭർത്താവിന്റെ (മറ്റു വിവാഹത്തിലുള്ള) മക്കളും -അവരുടെ പേരമക്കളും-.

11. മുലകുടിബന്ധത്തിലുള്ള സഹോദരങ്ങൾ.

12. മുലപ്പാൽ നൽകിയവരുടെ ഭർത്താക്കന്മാർ.

രക്തബന്ധത്തിലൂടെ (വിവാഹം) നിഷിദ്ധമാക്കുന്നവരെല്ലാം മുലകുടിബന്ധത്തിലൂടെയും നിഷിദ്ധരാകും.

**വസ്ത്രധാരണത്തിൽ ഓരോ മുസ്‌ലിം സ്ത്രീയും ശ്രദ്ധിക്കേണ്ട ചില അടിസ്ഥാനമര്യാദകൾ:**

1- ശരീരം മുഴുവൻ മൂടുന്ന വസ്ത്രം ധരിക്കുക. അവളുടെ തലയും മുഖവും കൈകളും ശരീരം മുഴുവനും മറക്കുന്ന വിധത്തിലുള്ള വസ്ത്രമാണ് ധരിക്കേണ്ടത്.

2- അലങ്കാരത്തിന് വേണ്ടി ധരിക്കുന്ന വസ്ത്രങ്ങളാകാതിരിക്കുക. സ്ത്രീയുടെ ഭംഗി അന്യപുരുഷന്മാരിൽ നിന്ന് മറച്ചു വെക്കുന്നതിനാണ് 'ഹിജാബ്' നിശ്ചയിക്കപ്പെട്ടിരിക്കുന്നത്. ധരിക്കുന്ന വസ്ത്രം തന്നെ അലങ്കാരമുള്ളതാണെങ്കിൽ അത് ഈ ലക്ഷ്യത്തിന് എതിരാകുന്നതാണ്.

3- ശരീരം ദൃശ്യമാകുന്ന രൂപത്തിൽ സുതാര്യമാകരുത്. വളരെ നേരിയതോ വെളിച്ചം കടത്തിവിടുന്ന തരത്തിലുള്ളതോ ആയ വസ്ത്രം ധരിക്കുന്നത് ശരീരം മറക്കുകയില്ല എന്നതിനാലാണിത്.

4- ശരീരത്തിന്റെ രൂപം വ്യക്തമാകുന്ന തരത്തിൽ ഇടുങ്ങിയ വസ്ത്രമാകരുത്; മറിച്ച് വസ്ത്രം അയവുള്ളതും വിശാലവുമായിരിക്കണം. ഇടുങ്ങിയ വസ്ത്രത്തിൽ നിന്ന് ശരീരത്തിന്റെ അളവുകളും അഴകും ഊഹിക്കാൻ സാധിക്കുമെന്നതിനാലാണ് അവ വിലക്കപ്പെട്ടിരിക്കുന്നത്.

5- സുഗന്ധം പുരട്ടിയ വസ്ത്രമാകാൻ പാടില്ല. അന്യപുരുഷന്മാർക്ക് സുഗന്ധം ലഭിക്കുന്ന വിധത്തിൽ സ്ത്രീകൾ സുഗന്ധം പുരട്ടുന്നത് നബി -ﷺ- ശക്തമായി വിലക്കുകയും, അത്തരക്കാരെ വ്യഭിചാരികളോട് ഉപമിക്കുകയും ചെയ്തിരിക്കുന്നു.

6- പുരുഷന്മാരുടെ വസ്ത്രധാരണത്തോട് സദൃശ്യമാകരുത്. പുരുഷന്മാരോട് സദൃശ്യരാവുകയും അവർക്ക് മാത്രം പ്രത്യേകമായ വസ്ത്രം ധരിക്കുകയും ചെയ്യുന്ന സ്ത്രീകളെ നബി -ﷺ- ശപിച്ചിരിക്കുന്നു. സ്ത്രീകളോട് സദൃശ്യരാവുകയും അവർക്ക് മാത്രം പ്രത്യേകമായ വസ്ത്രം ധരിക്കുകയും ചെയ്യുന്ന പുരുഷന്മാരെയും അവിടുന്ന് ശപിച്ചിരിക്കുന്നു.

7- അമുസ്‌ലിം സ്ത്രീകളുടെ ആരാധനകളോടോ ആഘോഷങ്ങളോടോ ബന്ധപ്പെട്ട വസ്ത്രങ്ങളോട് സദൃശ്യമാകരുത്. അന്യമതസ്ഥരോട് സാദൃശ്യരാവുന്നവർ അവരിൽ പെട്ടവരാണ് എന്നാണ് നബി -ﷺ- അറിയിച്ചിട്ടുള്ളത്. മുസ്‌ലിംകളിൽ പെട്ട ഒരാളാണ് എന്ന് വ്യക്തമാക്കുന്ന വസ്ത്രം ധരിക്കുക എന്നത് അഭിമാനിയായ ഒരു മുസ്‌ലിമിന്റെ അടയാളമാണ്.

# ഒരു മുസ്‌ലിമിന്റെ ഗുണങ്ങൾ

إِنَّمَا ٱلْمُؤْمِنُونَ ٱلَّذِينَ إِذَا ذُكِرَ ٱللَّهُ وَجِلَتْ قُلُوبُهُمْ وَإِذَا تُلِيَتْ عَلَيْهِمْ ءَايَٰتُهُۥ زَادَتْهُمْ إِيمَٰنًا وَعَلَىٰ رَبِّهِمْ يَتَوَكَّلُونَ ﴿٢﴾

"അല്ലാഹുവെപ്പറ്റി പറയപ്പെട്ടാൽ ഹൃദയങ്ങൾ പേടിച്ച് നടുങ്ങുകയും, അവന്റെ ദൃഷ്ടാന്തങ്ങൾ വായിച്ചു കേൾപ്പിക്കപ്പെട്ടാൽ വിശ്വാസം വർദ്ധിക്കുകയും, തങ്ങളുടെ രക്ഷിതാവിന്റെ മേൽ ഭരമേല്പിക്കുകയും ചെയ്യുന്നവർ മാത്രമാണ് സത്യവിശ്വാസികൾ." (അൻഫാൽ: 2)

- അല്ലാഹുവും അവന്റെ ദൂതരും -ﷺ- പഠിപ്പിച്ചു നൽകിയ വിധത്തിൽ, നബി -ﷺ- യുടെ സ്വഹാബികൾ കാണിച്ചു തന്ന മാർഗത്തിൽ മാത്രമായിരിക്കും അവൻ നിലകൊള്ളുക. ഖുർആനിലോ ഹദീഥിലോ തെളിവില്ലാത്തതും, സ്വഹാബികൾക്കും അവർക്ക് ശേഷമുള്ള മൂന്ന് തലമുറകൾക്കും പരിചിതമല്ലാത്ത യാതൊരു കാര്യവും ദീനിന്റെ വിഷയത്തിൽ അവൻ സ്വീകരിക്കുകയില്ല.

- ഇസ്‌ലാം ദീനിൽ പുതിയ കാര്യങ്ങൾ കടത്തികൂട്ടിയ വ്യത്യസ്ത കക്ഷികളിൽ നിന്ന് അവൻ അകലം പാലിക്കുന്നതാണ്. മറിച്ച്, ദീനിൽ യാതൊരു കൂട്ടലും കുറക്കലുമില്ലാതെ അതിനെ നിലനിർത്തുന്നവരോടൊപ്പമാണ് അവൻ നിലകൊള്ളുക.

- മുസ്‌ലിമായ ഒരു മനുഷ്യൻ സത്യമേ പറയൂ; അവനൊരിക്കലും കളവു പറയുകയില്ല. സത്യം നന്മയിലേക്കും നന്മ സ്വർഗത്തിലേക്കും നയിക്കുമെന്നും, കളവ് തിന്മയിലേക്കും തിന്മ നരകത്തിലേക്കും നയിക്കുമെന്ന നബി -ﷺ- യുടെ ഓർമ്മപ്പെടുത്തൽ അവൻ വിസ്മരിക്കുകയില്ല.

- വാഗ്ദാനങ്ങൾ അവൻ പൂർത്തീകരിക്കുകയും, വാക്കുകൾ പാലിക്കുകയും ചെയ്യും. വാഗ്ദാനങ്ങൾ ലംഘിക്കുക എന്നത് കപടവിശ്വാസികളുടെ അടയാളങ്ങളിൽ പെട്ടതാണ്.

- തർക്കത്തിൽ ഒരിക്കലും വഞ്ചന കാണിക്കുകയില്ല. സത്യത്തിന് വേണ്ടി മാത്രമേ അവൻ വാദിക്കുകയുള്ളൂ; തർക്കം അവൻ ഉപേക്ഷിക്കുകയും ചെയ്യും. അനിവാര്യ സാഹചര്യത്തിൽ തർക്കിക്കേണ്ടി വന്നാലും അവൻ അതിൽ സത്യസന്ധത പാലിക്കും.

- ഉത്തരവാദിത്തങ്ങൾ നിറവേറ്റും. വ്യക്തിയെന്ന നിലക്ക് അവന്റെ സ്വന്തത്തോടും മാതാപിതാക്കളോടും ഭാര്യയോടും മക്കളോടും കുടുംബത്തോടും സഹോദരങ്ങളോടും അയൽവാസികളോടും കൂട്ടുകാരോടും മറ്റുമെല്ലാമുള്ള ഉത്തരവാദിത്തങ്ങൾ പാലിക്കുന്നുണ്ടോ എന്ന നിരന്തരപരിശോധന അവന്റെ ഭാഗത്ത് നിന്നുണ്ടായിരിക്കും.

- തന്റെ സ്വന്തത്തിന് ലഭിക്കണമെന്ന് ആഗ്രഹിക്കുകയും ഇഷ്ടപ്പെടുകയും ചെയ്യുന്ന കാര്യങ്ങളെല്ലാം തന്റെ മുസ്‌ലിം സഹോദരനും ലഭിക്കണമെന്ന ആത്മാർത്ഥമായ ആഗ്രഹത്തിന്റെ ഉടമയായിരിക്കും അവൻ. എല്ലാ മുസ്‌ലിംകളോടും അവന് കലർപ്പില്ലാത്ത ഗുണകാംക്ഷയാണുണ്ടാവുക.

- ഉദാരനായിരിക്കും അവൻ. തന്റെ പക്കലുള്ള എന്തൊരു കാര്യവും മറ്റുള്ളവർക്ക് പങ്കുവെക്കുന്നതിൽ അവന് മടിയുണ്ടായിരിക്കില്ല; അവന്റെ അറിവും സമ്പത്തും സമയവും പരിശ്രമവും അവർക്ക് വേണ്ടി നൽകാൻ അവന് സന്തോഷമാണുണ്ടായിരിക്കുക.

- ജനങ്ങൾക്ക് അവൻ നന്മ ചെയ്യും. അവർക്ക് ചെയ്യുന്ന ഏതൊരു നന്മയും പരലോകത്ത് നരകത്തിൽ നിന്ന് രക്ഷപ്പെടാനും സ്വർഗത്തിൽ പ്രവേശിക്കാനുമുള്ള വഴിയാണെന്ന് അവൻ തിരിച്ചറിഞ്ഞിരിക്കുന്നു.

- കുടുംബബന്ധം ചേർക്കും. മാതാപിതാക്കളോടും അവരുടെ സഹോദരീ സഹോദരങ്ങളോടും അവരുടെ മക്കളോടും മറ്റു കുടുംബക്കാരോടും -അവർ മുസ്‌ലിംകളല്ലെങ്കിൽ- പോലും കുടുംബബന്ധം ചേർത്തണം. അവർക്ക് നിന്റെ പക്കൽ നിന്ന് നന്മ ആവശ്യമുണ്ടെങ്കിൽ അത് ചെയ്തു നൽകണം. എന്നാൽ ഇസ്‌ലാമിന് വിരുദ്ധമാകുന്ന ഒരു കാര്യത്തിലും അവരുമായി സഹകരിക്കരുത്.

- അല്ലാഹുവിന്റെ വിധിയിൽ തൃപ്തനായിരിക്കുകയും, സന്തോഷവേളകളിൽ അല്ലാഹുവിന് നന്ദി പറയുകയും, പ്രയാസവേളകളിൽ ക്ഷമ കൈക്കൊള്ളുകയും ചെയ്യും. തനിക്ക് ലഭിച്ചതെല്ലാം അല്ലാഹുവിന്റെ വിധിയാൽ തനിക്ക് ലഭിക്കേണ്ടതായിരുന്നു എന്നും, തനിക്ക് ലഭിക്കാതെ പോയതെല്ലാം അല്ലാഹു തനിക്ക് വിധിച്ചിട്ടില്ലായിരുന്നു എന്നും അവന് ഉറച്ച ബോധ്യമുണ്ടായിരിക്കും.

- ലജ്ജയുള്ളവനായിരിക്കും. മോശമായ ഒരു വാക്കോ പ്രവർത്തിയോ അവന്റെ പക്കൽ നിന്ന് പുറപ്പെടുകയില്ല. മോശമായത് നടമാടുന്ന സദസ്സിലും അവൻ സന്നിഹിതനാകില്ല. അല്ലാഹു തന്നെ വീക്ഷിക്കുന്നുണ്ട് എന്ന ബോധ്യം മോശമായ ഏതൊരു സ്ഥിതിയിൽ നിന്നും അകലം പാലിക്കാൻ അവനെ പ്രേരിപ്പിക്കും.

- സൃഷ്ടികളോട് കരുണ കാണിക്കുന്നവനായിരിക്കും. 'ഭൂമിയിലുള്ളവരോട് കരുണ കാണിക്കൂ; ഉപരിയിലുള്ളവനായ അല്ലാഹു നിങ്ങളോട് കരുണ കാണിക്കും' എന്ന നബി -ﷺ- യുടെ വാക്ക് അവന്റെ മനസ്സിൽ ഉറച്ച നിലയിൽ രേഖപ്പെടുത്തപ്പെട്ടിരിക്കും.

- അസൂയ നിറഞ്ഞ വിദ്വേഷത്തിൽ നിന്ന് മുക്തമായിരിക്കും അവന്റെ മനസ്സ്. മറ്റൊരാളോട് അതിക്രമം പ്രവർത്തിക്കാൻ അവന്റെ ശരീരാവയവങ്ങൾ മുതിരുകയുമില്ല.

- ജനങ്ങൾക്ക് വിട്ടുപൊറുത്തു നൽകാൻ അവൻ തയ്യാറാണ്. ജനങ്ങൾക്ക് പൊറുത്തു നൽകുന്നവന് അല്ലാഹുവും പൊറുത്തു നൽകും എന്ന ബോധ്യവും, തന്റെ തെറ്റുകൾ അല്ലാഹു പൊറുത്തു തന്നില്ലെങ്കിലുള്ള അപകടവും അവൻ തിരിച്ചറിഞ്ഞിരിക്കും.

- പലിശ വാങ്ങുകയോ കൊടുക്കുകയോ ചെയ്യില്ല. എത്ര സമ്പത്തിന് പ്രയാസമുണ്ടായാലും അവൻ പലിശക്ക് കടം വാങ്ങുകയില്ല. പ്രയാസമുള്ള ഏതൊരാൾ വന്നാലും അവന് കടം നൽകുകയും, അവന് എളുപ്പം നൽകാൻ ശ്രമിക്കുകയും ചെയ്യുന്നവനായിരിക്കും ഒരു മുസ്‌ലിം.

- വ്യഭിചരിക്കുകയില്ല. തന്റെ ജീവിതവിശുദ്ധി അവൻ കാത്തുസൂക്ഷിക്കും. വ്യഭിചാരത്തിലേക്ക് നയിക്കാൻ കാരണമായേക്കാവുന്ന അന്യസ്ത്രീപുരുഷന്മാർ ഇടകലരുന്ന സ്ഥലങ്ങളിൽ നിന്നും സാഹചര്യങ്ങളിൽ നിന്നും അകലം പാലിക്കും.

- മദ്യപിക്കുകയില്ല. 'മദ്യം വൃത്തികേടുകളുടെ മാതാവാണ്' എന്ന നബി -ﷺ- യുടെ വാക്ക് അവൻ ഓർക്കും. തന്റെ ബുദ്ധിയെ അപകടത്തിലാക്കുന്ന എല്ലാ ലഹരിവസ്തുക്കളും മുസ്‌ലിമിന് നിഷിദ്ധമാണ്.

- അയൽവാസികളോട് അവൻ നന്മയിൽ പെരുമാറും. അവർക്ക് വിട്ടുവീഴ്ച്ച നൽകാനും, സന്തോഷങ്ങളിൽ അവരെ പങ്കുചേർക്കാനും, അവരുടെ അവസ്ഥകൾ അന്വേഷിച്ചറിയാനും അവൻ മറക്കുകയില്ല.

- അതിക്രമം കാണിക്കുകയോ, വഞ്ചന കാണിക്കുകയോ ഇല്ല. അതിക്രമിയുടെ പ്രാർത്ഥനക്കും അല്ലാഹുവിനും ഇടയിൽ മറയില്ല എന്നാണ് നബി -ﷺ- താക്കീത് നൽകിയിട്ടുള്ളത്. അതിനാൽ, ഒരു മുസ്‌ലിമല്ലാത്ത വ്യക്തിയോടാണെങ്കിൽ പോലും, ഒരു അണുമണിത്തൂക്കം അനീതി ചെയ്യുക പാടില്ല.

- തന്റെ മാതാപിതാക്കളോട് -അവർ മുസ്‌ലിംകൾ അല്ലെങ്കിൽ പോലും- അവൻ അങ്ങേയറ്റം നന്മയിൽ വർത്തിക്കുന്നവനായിരിക്കും. അവർ കൽപ്പിക്കുന്നത് നന്മയാകുന്നിടത്തോളം അവൻ അവരെ അനുസരിക്കും.

- തന്റെ സന്താനങ്ങളെ ശ്രേഷ്ഠമായ ഗുണങ്ങളിലാണ് അവൻ വളർത്തുക. മതപരമായ നിർബന്ധബാധ്യതകൾ അവരോട് അവൻ കൽപ്പിക്കുന്നതാണ്. മാന്യമല്ലാത്തതും നിഷിദ്ധവുമായ കാര്യങ്ങളിൽ നിന്ന് അവരെ വിലക്കുകയും ചെയ്യും.

- മുസ്‌ലിംകളല്ലാത്തവർക്ക് മാത്രം പ്രത്യേകമായ, അവരുടെ പ്രത്യേകതയും അടയാളവുമായി തീർന്ന കാര്യങ്ങളിൽ അവരോട് സദൃശ്യനാവുകയില്ല. മറിച്ച്, തന്റെ ഇസ്‌ലാമിക വിശ്വാസത്തിന്റെ അടയാളം അവന്റെ പ്രകടമായ പെരുമാറ്റത്തിലും വേഷവിധാനത്തിലും എപ്പോഴും നിഴലിക്കുന്നതാണ്.

# ഇസ്‌ലാമിലാണ് എന്റെ സൗഭാഗ്യം!

مَنْ عَمِلَ صَٰلِحًا مِّن ذَكَرٍ أَوْ أُنثَىٰ وَهُوَ مُؤْمِنٌ فَلَنُحْيِيَنَّهُۥ
حَيَوٰةً طَيِّبَةً ۖ وَلَنَجْزِيَنَّهُمْ أَجْرَهُم بِأَحْسَنِ مَا كَانُوا۟ يَعْمَلُونَ ﴿٩٧﴾

"ഏതൊരു പുരുഷനാകട്ടെ സ്ത്രീയാകട്ടെ, (അല്ലാഹുവിലും അവന്റെ ദൂതനിലും പരലോകത്തിലും) വിശ്വസിച്ചു കൊണ്ട് സൽകർമ്മം പ്രവർത്തിക്കുന്ന പക്ഷം വിശിഷ്ടമായ ഒരു ജീവിതം തീർച്ചയായും അവനെ നാം ജീവിപ്പിക്കുന്നതാണ്. അവർ പ്രവർത്തിച്ച് കൊണ്ടിരുന്നതിൽ ഏറ്റവും ഉത്തമമായതിന് അനുസൃതമായി അവർക്കുള്ള പ്രതിഫലം തീർച്ചയായും നാം അവർക്ക് നൽകുകയും ചെയ്യും." (നഹ്ൽ:97)

ഒരു മുസ്‌ലിമിന്റെ ഹൃദയത്തിൽ ഏറ്റവുമധികം സന്തോഷവും സൗഭാഗ്യവും സ്വസ്ഥതയും നിറക്കുന്ന കാര്യം തന്റെ രക്ഷിതാവായ അല്ലാഹുവുമായുള്ള അവന്റെ നേരിട്ടുള്ള ബന്ധമാണ്. ജീവിച്ചിരിക്കുന്നവരോ മരിച്ചവരോ വിഗ്രഹങ്ങളോ അല്ലാഹുവിനും അവനുമിടയിൽ യാതൊരു മദ്ധ്യസ്ഥതയും വഹിക്കുന്നില്ല.

وَإِذَا سَأَلَكَ عِبَادِى عَنِّى فَإِنِّى قَرِيبٌ ۖ أُجِيبُ دَعْوَةَ ٱلدَّاعِ إِذَا دَعَانِ ۖ
فَلْيَسْتَجِيبُوا۟ لِى وَلْيُؤْمِنُوا۟ بِى لَعَلَّهُمْ يَرْشُدُونَ ﴿١٨٦﴾

"നിന്നോട് എന്റെ ദാസന്മാർ എന്നെപ്പറ്റി ചോദിച്ചാൽ ഞാൻ (അവർക്ക് ഏറ്റവും) അടുത്തുള്ളവനാകുന്നു. പ്രാർത്ഥിക്കുന്നവൻ എന്നെ വിളിച്ച് പ്രാർത്ഥിച്ചാൽ ഞാൻ ആ പ്രാർത്ഥനയ്ക്ക് ഉത്തരം നൽകുന്നതാണ്. അതുകൊണ്ട് എന്റെ ആഹ്വാനം അവർ സ്വീകരിക്കുകയും, എന്നിൽ അവർ വിശ്വസിക്കുകയും ചെയ്യട്ടെ. അവർ നേർവഴി പ്രാപിക്കുവാൻ വേണ്ടിയാണിത്." (ബഖറ: 186)

അല്ലാഹു അവനെ വിളിച്ചു പ്രാർത്ഥിക്കണമെന്ന് നമ്മോ

ട് കൽപ്പിച്ചിരിക്കുന്നു. ഒരു മുസ്‌ലിമിനെ തന്റെ രക്ഷിതാവിങ്കലേക്ക് ഏറ്റവുമധികം അടുപ്പിക്കുന്ന ആരാധനകളിലൊന്നാണ് അല്ലാഹുവിനോടുള്ള പ്രാർത്ഥന.

وَقَالَ رَبُّكُمُ ٱدْعُونِىٓ أَسْتَجِبْ لَكُمْ ۚ إِنَّ ٱلَّذِينَ يَسْتَكْبِرُونَ

عَنْ عِبَادَتِى سَيَدْخُلُونَ جَهَنَّمَ دَاخِرِينَ

"നിങ്ങളുടെ രക്ഷിതാവ് പറഞ്ഞിരിക്കുന്നു: നിങ്ങൾ എന്നോട് പ്രാർത്ഥിക്കൂ; ഞാൻ നിങ്ങൾക്ക് ഉത്തരം നൽകാം." (ഗാഫിർ: 60)

സൽകർമ്മിയായ ഓരോ മുസ്‌ലിമും തന്റെ രക്ഷിതാവിലേക്ക് അങ്ങേയറ്റത്തെ ആവശ്യക്കാരനത്രെ. അവൻ തന്റെ രക്ഷിതാവിന് മുൻപിൽ എപ്പോഴും പ്രാർത്ഥനകളിൽ നിരതനായിരിക്കും. ഉൽകൃഷ്ടമായ ആരാധനകളിലൂടെ അല്ലാഹുവിലേക്ക് സാമീപ്യം തേടിക്കൊണ്ടിരിക്കുന്നവനായിരിക്കും.

അല്ലാഹു ഈ പ്രപഞ്ചത്തിൽ നമ്മെ സൃഷ്ടിച്ചത് മഹത്തരമായ ഒരു ഉദ്ദേശത്തോടെയാണ്. അവൻ നമ്മെ വെറുതെയല്ല പടച്ചിരിക്കുന്നത്. മറിച്ച് അവനെ മാത്രം നാം ആരാധിക്കുകയും, അവനിൽ ഒരാളെയും പങ്കുചേർക്കാതിരിക്കുകയും ചെയ്യുക എന്നതാണ് നമ്മുടെ സൃഷ്ടിപ്പിന്റെ ലക്ഷ്യം.

അല്ലാഹുവിൽ നിന്നുള്ള ഒരു മതം നമുക്കവൻ നിശ്ചയിച്ചു തരികയും ചെയ്തിരിക്കുന്നു. നമ്മുടെ ജീവിതത്തിന്റെ വൈയക്തികവും സാമൂഹികവുമായ നാനാതുറകളെയും ഉൾക്കൊള്ളുന്ന മതമാണത്. നീതിപൂർവ്വകമായ മതനിയമങ്ങളിലൂടെ മനുഷ്യജീവിതത്തിന്റെ അനിവാര്യമേഖലകളെ അല്ലാഹു സംരക്ഷിച്ചിരിക്കുന്നു.

നമ്മുടെ മതവിശ്വാസത്തെയും, ജീവനെയും, അഭിമാനത്തെയും, ബുദ്ധിയെയും, സമ്പത്തിനെയും സംരക്ഷിക്കുന്നതാണ് ഇസ്‌ലാമിലെ നിയമങ്ങളെല്ലാം. അതിനാൽ അല്ലാഹുവിന്റെ മതനിയമങ്ങൾ അനുസരിച്ചു കൊണ്ടും, അവൻ വിലക്കിയവ ഉപേക്ഷിച്ചു കൊണ്ടും ഒരാൾ തന്റെ ജീവിതം നയിച്ചാൽ ഈ പറഞ്ഞതെല്ലാം അവൻ സുരക്ഷിതമാക്കിയിരിക്കുന്നു. സമാധാനഭരിതമായ, സൗഭാഗ്യപൂർണ്ണമായ ഒരു ജീ

വിതം അവന് അതിലൂടെ നയിക്കാൻ സാധിക്കുമെന്നതിൽ യാതൊരു സംശയവുമില്ല.

ഒരു മുസ്‌ലിമിന് തന്റെ രക്ഷിതാവുമായുള്ള ബന്ധം അങ്ങേയറ്റം ആഴമേറിയതാണ്. അവന്റെ മനസ്സിന് സമാധാനവും സ്വസ്ഥതയും പകരുന്നതാണത്. നിർഭയത്വവും സന്തോഷവും ശാന്തിയും നൽകുന്നതാണത്. എന്റെ രക്ഷിതാവായ അല്ലാഹു എന്നോടൊപ്പമുണ്ടെന്ന ബോധ്യവും, അവൻ എന്നെ സംരക്ഷിച്ചു കൊള്ളുമെന്നും, അവന്റെ വിശ്വാസിയായ ദാസനെ അവൻ രക്ഷിക്കുന്നതാണെന്നുള്ള തിരിച്ചറിവും അതവന് നൽകുന്നു. അല്ലാഹു പറയുന്നു:

ٱللَّهُ وَلِيُّ ٱلَّذِينَ ءَامَنُوا۟ يُخْرِجُهُم مِّنَ ٱلظُّلُمَٰتِ إِلَى ٱلنُّورِ

"അല്ലാഹു അവനിൽ വിശ്വസിച്ചവരുടെ രക്ഷാധികാരിയാകുന്നു. അവരെ അവൻ ഇരുട്ടുകളിൽ നിന്ന് വെളിച്ചത്തിലേക്ക് കൊണ്ടുവരുന്നു." (ബഖറ: 257)

മഹത്തരമായ ഈ ബന്ധം സർവ്വവിശാലമായ കാരുണ്യത്തിന്റെ ഉടമയായ അല്ലാഹുവിനെ ആരാധിക്കുന്നതിൽ ആനന്ദം കണ്ടെത്തുന്നതിലേക്ക് അവനെ നയിക്കുന്നു. തന്റെ രക്ഷിതാവിനെ കാണണമെന്ന ഉൽക്കടമായ ആഗ്രഹവും അതവന് നൽകുന്നു.

സൗഭാഗ്യത്തിന്റെ ഉന്നതവിഹായസ്സുകളിൽ തന്റെ ഹൃദയത്തെ അണച്ചു ചേർക്കാനും, അതിലൂടെ ഈമാനിന്റെ മാധുര്യം ആസ്വദിക്കാനും അവന് സാധിക്കുന്നു.

ഈ പറഞ്ഞ ഈമാനിന്റെ മധുരം; നന്മകൾ ചെയ്തു കൊണ്ടും തിന്മകൾ ഉപേക്ഷിച്ചു കൊണ്ടും അതിന്റെ മധുരം ആസ്വദിച്ചവർക്കല്ലാതെ വിവരിക്കാൻ സാധ്യമല്ല. അതു കൊണ്ടാണ് നബി -ﷺ- ഇപ്രകാരം പറഞ്ഞത്:

«ذَاقَ طَعْمَ الإِيمَانِ مَنْ رَضِيَ بِاللَّـهِ رَبًّا وَبِالإِسْلَامِ دِينًا وَبِمُحَمَّدٍ -ﷺ- نَبِيًّا»

"അല്ലാഹുവിനെ തന്റെ രക്ഷിതാവായും, ഇസ്‌ലാമിനെ തന്റെ മതമായും, മുഹമ്മദ് നബിയെ ദൂതനായും തൃപ്തിപ്പെട്ടവൻ ഈമാനിന്റെ രുചി ആസ്വദിച്ചിരിക്കുന്നു."

അതെ! തന്റെ രക്ഷിതാവിന്റെ നോട്ടത്തിന് മുൻപിലാണ് താനുള്ളത് എന്ന ബോധ്യം മനുഷ്യന്റെ മനസ്സിൽ അവൻ തിരിച്ചറിഞ്ഞാൽ... അല്ലാഹുവിനെ അവന്റെ നാമങ്ങളിലൂടെയും വിശേഷണങ്ങളിലൂടെയും അവൻ അറിഞ്ഞു കഴിഞ്ഞാൽ... അല്ലാഹുവിനെ അവൻ നോക്കിക്കാണുന്നു എന്നതുപോലെ അല്ലാഹുവിനെ അവൻ ആരാധിച്ചാൽ...

തന്റെ ആരാധനകൾ അല്ലാഹുവിന് മാത്രം നിഷ്കളങ്കമാക്കുകയും അവയിലൊന്നും അല്ലാഹുവിന് പുറമെ മറ്റൊരാളെയും ലക്ഷ്യമാക്കാതിരിക്കുകയും ചെയ്താൽ... ഇഹലോകത്ത് ഏറ്റവും സൗഭാഗ്യം നിറഞ്ഞ ജീവിതം തന്നെ അവന് ലഭിക്കും. പരലോകത്ത് ഏറ്റവും ഉത്തമമായ പര്യവസാനവും അവനെ കാത്തിരിക്കുന്നു.

എന്തിനധികം! ഒരു വിശ്വാസിയെ സംബന്ധിച്ചിടത്തോളം ഈ ലോകത്ത് അവനെ ബാധിക്കുന്ന പ്രയാസങ്ങളുടെയും ദുരിതങ്ങളുടെയും ചൂടും പൊള്ളലും വരെ തന്റെ രക്ഷിതാവിലുള്ള ദൃഢവിശ്വാസത്തിന്റെയും, അവന്റെ വിധിനിർണ്ണയത്തിലുള്ള തൃപ്തിയുടെയും തണുപ്പിനാൽ അണഞ്ഞു പോകും.

അല്ലാഹുവിന്റെ എല്ലാ വിധിനിർണ്ണയങ്ങളിലും -അതിന്റെ നന്മകളിലും തിന്മകളിലും- അല്ലാഹുവിനെ അവൻ സ്തുതിച്ചു കൊണ്ടിരിക്കും. അവയിലെല്ലാം പരിപൂർണ്ണ തൃപ്തിയുള്ളവനായിരിക്കും അവൻ.

തന്റെ സൗഭാഗ്യവും സ്വസ്ഥതയും വർദ്ധിക്കണമെന്ന് ഉദ്ദേശിക്കുന്ന ഓരോ മുസ്‌ലിമും അല്ലാഹുവിനുള്ള അവന്റെ ദിക്റുകൾ ധാരാളമായി അധികരിപ്പിക്കുകയും, ഖുർആൻ പാരായണം വർദ്ധിപ്പിക്കുകയും ചെയ്യണം. അല്ലാഹു പറഞ്ഞതു പോലെ:

ٱلَّذِينَ ءَامَنُواْ وَتَطْمَئِنُّ قُلُوبُهُم بِذِكْرِ ٱللَّهِۗ أَلَا بِذِكْرِ ٱللَّهِ تَطْمَئِنُّ ٱلْقُلُوبُ ﴿٢٨﴾

"അതായത് വിശ്വസിക്കുകയും അല്ലാഹുവെ പറ്റിയുള്ള ഓർമ കൊണ്ട് മനസ്സുകൾ ശാന്തമായിത്തീരുകയും ചെയ്യുന്നവരെ. ശ്രദ്ധിക്കുക; അല്ലാഹുവെപ്പറ്റിയുള്ള ഓർമ കൊണ്ടത്രെ മനസ്സുകൾ ശാന്തമായിത്തീരുന്നത്." (റഅ്ദ്: 28)

അല്ലാഹുവിനെ സ്മരിക്കുന്നതും, ഖുർആൻ പാരായണം ചെയ്യുന്നതും അധികരിക്കുന്നതിന് അനുസരിച്ച് അല്ലാഹുവുമായുള്ള മനുഷ്യന്റെ ബന്ധം ശക്തമായി കൊണ്ടേയിരിക്കും. അവന്റെ മനസ്സ് ശുദ്ധമാവുകയും, അവന്റെ വിശ്വാസം ഉറപ്പുള്ളതാവുകയും ചെയ്യും.

അതോടൊപ്പം തന്റെ മതവുമായി ബന്ധപ്പെട്ട കാര്യങ്ങൾ ശരിയായ സ്രോതസ്സുകളിൽ നിന്ന് പഠിച്ചു മനസ്സിലാക്കാനും ഓരോ മുസ്‌ലിമും നന്നായി ശ്രദ്ധിക്കേണ്ടതുണ്ട്. അപ്പോൾ മാത്രമേ ഉൾക്കാഴ്ചയോടെ അല്ലാഹുവിനെ ആരാധിക്കാൻ അ വന് സാധിക്കുകയുള്ളൂ.

قَالَ رَسُولُ اللَّـهِ -ﷺ-: «طَلَبُ العِلْمِ فَرِيضَةٌ عَلَى كُلِّ مُسْلِمٍ»

നബി -ﷺ- പറഞ്ഞു: "മതവിജ്ഞാനം അന്വേഷിക്കുക എന്നത് ഓരോ മുസ്‌ലിമിന്റെയും മേൽ നിർബന്ധമാണ്."

തന്നെ സൃഷ്ടിച്ചവനായ അല്ലാഹുവിന്റെ കൽപ്പനകൾക്ക് സമർപ്പിച്ചവനായിരികണം ഓരോ മുസ്‌ലിമും. ചില കൽപ്പനകൾക്ക് പിന്നിലുള്ള യുക്തി അവന് ബോധ്യപ്പെട്ടില്ലെങ്കിൽ കൂടി അവൻ അത് അംഗീകരിക്കാൻ തയ്യാറായിരിക്കണം. അല്ലാഹു അവന്റെ ഗ്രന്ഥത്തിൽ പറഞ്ഞതു നോക്കൂ:

وَمَا كَانَ لِمُؤْمِنٍ وَلَا مُؤْمِنَةٍ إِذَا قَضَى ٱللَّهُ وَرَسُولُهُۥٓ أَمْرًا أَن يَكُونَ لَهُمُ ٱلْخِيَرَةُ مِنْ أَمْرِهِمْ ۗ وَمَن يَعْصِ ٱللَّهَ وَرَسُولَهُۥ فَقَدْ ضَلَّ ضَلَٰلًا مُّبِينًا ﴿٣٦﴾

"അല്ലാഹുവും അവന്റെ റസൂലും ഒരു കാര്യത്തിൽ തീരുമാനമെടുത്ത് കഴിഞ്ഞാൽ സത്യവിശ്വാസിയായ ഒരു പുരുഷന്നാകട്ടെ, സ്ത്രീക്കാകട്ടെ തങ്ങളുടെ കാര്യത്തെ സംബന്ധിച്ച് സ്വതന്ത്രമായ അഭിപ്രായം ഉണ്ടായിരിക്കാവുന്നതല്ല. വല്ലവനും അല്ലാഹുവെയും അവന്റെ ദൂതനെയും ധിക്കരിക്കുന്ന പക്ഷം അവൻ വ്യക്തമായ നിലയിൽ വഴിപിഴച്ചു പോയിരിക്കുന്നു." (അഹ്സാബ്: 36)

നമ്മുടെ പ്രവാചകനായ മുഹമ്മദ് നബിയിലും അവിടുത്തെ മുഴുവൻ കുടുംബങ്ങളിലും അനുചരൻമാരിലും അല്ലാഹുവിന്റെ രക്ഷയും സമാധാനവും വർഷിക്കുമാറാകട്ടെ.